# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മമ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**മലപ്പുറം-676505**

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം. 10/1859/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 15/10/2025
ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മമ്പാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം. 10/1859/2025 തീയ്യതി: 15/10/2025

# മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-08-2024 മുതൽ 09-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അശറഫ് പെരുമ്പള്ളി കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2025 | 23-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2025 | 23-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. അസീന എ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹമ്മദ് നൗഷാദ് എ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഹസീന സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.ശ്രീനിവാസൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. അവിസന്ന.പി | സെക്രട്ടറി | 01-04-2024 | 03-10-2024 |
| ശ്രീ.സുനിൽ ബാബു.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2024 | 06-10-2024 |
| ശ്രീ.ജ്യോതിഷ്.ആർ | സെക്രട്ടറി | 07-10-2024 | 31-03-2025 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രീതാ കുമാരി.ജെ.ഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-08-2024 |
| ശ്രീ.സുനിൽ ബാബു.ജി | അസിസ്റ്റന്റ് സെക്രട്ടറി | 31-08-2024 | 31-03-2025 |
| ശ്രീമതി .സൌദ നടുക്കണ്ടിയിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 23-09-2024 |
| ശ്രീ.അലി ഫൈസൽ.കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-09-2024 | 31-12-2024 |
| ശ്രീ.അബ്ദുൽ റഷീദ്.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2025 | 21-01-2025 |
| ശ്രീ.രാജീവ്.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 22-01-2025 | 31-03-2025 |
| ഡോ.ഷെറിൻ കൃഷ്ണ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)) | 01-04-2024 | 31-03-2025 |
| ഡോ. അജീഷ് കെ.വി. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.സൂരജ് സി | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. രോഹിണി നെല്ലിശ്ശേരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 05-07-2024 |
| ശ്രീമതി.അഷൂറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-07-2024 | 15-08-2024 |
| ശ്രീമതി.വിലാസിനി.എൻ.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-08-2024 | 31-03-2025 |
| ശ്രീ. സമീർ വി.എം | കൃഷി ഓഫീസർ | 01-04-2024 | 17-12-2024 |
| ശ്രീമതി.ലനീഷ | കൃഷി ഓഫീസർ | 18-12-2024 | 31-03-2025 |
| ശ്രീ. റുഫാൻസ് ഡി. | ഹെഡ് മാസ്റ്റർ | 01-04-2024 | 14-06-2024 |
| ശ്രീമതി.മുഹ്സിന.സി.കെ | ഹെഡ് മാസ്റ്റർ | 15-06-2024 | 31-03-2025 |
| ശ്രീ .ശരത് ഭാസകർ | വി.ഇ.ഒ | 01-04-2024 | 21-12-2024 |
| ശ്രീമതി.നിഷ.കെ | വി.ഇ.ഒ | 22-12-2024 | 31-03-2025 |
| ശ്രീമതി .സജിത ടി.വി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീ. രാഹുൽ ആർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 27-07-2024 |
| ശ്രീ.ബാബു രാജ്.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 28-07-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല. | 1-1-6 |
| 8 | വസ്തു നികുതിയിനത്തിലെ വരവ് ബാധ്യതയായി ഉൾപ്പെടുത്തി | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെമെന്റ് പത്രിക പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി (MGNREGS) | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-11 |
| 19 | ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ | 1-12 |
| 20 | ഫിറ്റ്നസ് ഇല്ലാതെയും തൊഴിൽ നികുതിയടവാക്കാതെയും സ്കൂൾ പ്രവർത്തിപ്പിക്കുന്നു. | 1-13 |
| 21 | കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-14 |
| 22 | റിസോർട്ടുകൾക്ക് ലോഡ്ജുകളുടെ നികുതി നിർണ്ണയിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം. | 1-15 |
| 23 | കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-16 |
| 24 | ലൈസൻസ് അപാകതകൾ | 1-17 |
| 25 | ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല | 1-18 |
| 26 | അനധികൃത നിർമ്മാണങ്ങൾ-UA നമ്പർ/ക്രമവൽക്കരണ/നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 27 | ടർഫുകൾക്ക് വസ്തു നികുതി-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 28 | വക്കീൽ ഫീസ് അധികം നൽകി | 1-21 |
| 29 | വാഹനം, അനുബന്ധ വിവരങ്ങൾ VEELS ൽ ചേർക്കുന്നില്ല, ലോഗ് ബുക്ക് പരിപാലനം-അപാകതകൾ | 1-22 |
| 30 | വാറണ്ടിയുൾപ്പടെയുള്ള കാലയളവിലേക്ക് AMC നൽകിയത് വഴി 5732രൂപ അധികം ചെലവഴിച്ചു | 1-23 |
| 31 | പി.എച്ച്.സി/സബ്സെന്ററുകൾ- മുറിച്ച് മാറ്റിയ മരങ്ങളുടെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 32 | മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-25 |

| | | |
|---|---|---|
| 33 | വാനനിരീക്ഷണ കേന്ദ്രം സ്ഥാപിക്കൽ- തുടർ പരിപാലനവും സംരക്ഷണവും ഉറപ്പ് വരുത്തിയിട്ടില്ല. | 1-26 |
| 34 | അസി.എഞ്ചിനീയർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല | 1-27 |
| 35 | കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി. | 1-28 |
| 36 | കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല | 1-29 |
| 37 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-30 |
| 38 | മാലിന്യ മുക്തം നവകേരളം-സ്നേഹാരാമം, പ്രവർത്തനമോ പരിപാലനമോ ഇല്ല. | 1-31 |
| 39 | നമ്പറില്ലാത്ത കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകിയത് - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 40 | SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല | 1-33 |
| 41 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല | 1-34 |
| 42 | തകരാറിലായ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കലും പരിപാലനവും പദ്ധതി-അപാകതകൾ | 1-35 |
| 43 | SC വാട്ടർ ടാങ്ക് വിതരണം - 6250/-രൂപ അധികം സബ്സിഡി അനുവദിച്ചത് തിരികെ അടവാക്കി | 1-36 |
| 44 | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - 30000 രൂപ അധികം അനുവദിച്ചു, മറ്റ് അപാകതകൾ | 1-37 |
| 45 | ലാപ്ടോപ്പ് വിതരണം - വാറണ്ടി ഉറപ്പാക്കിയില്ല | 1-38 |
| 46 | ആധികാരകത ഉറപ്പ് വരുത്താനാവാത്ത കോഴ്സ് സർട്ടിഫിക്കറ്റുകൾ | 1-39 |
| 47 | ബഡ്സ് സ്കൂളിലേക്കുള്ള 3,02,313 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായില്ല-വാങ്ങൽ, സ്റ്റോക്ക് അപാകതകൾ | 1-40 |
| 48 | പി.എച്ച്.സി മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-41 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - 30000 രൂപ അനർഹമായി അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10.06.2025 തീയതിയിലെ 1/1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 13.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മമ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി : 15/10/2025

## 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule ) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയത് കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി(ഓഡിറ്റ് എൻക്വയറി 23/24-25/18.07.2025)

## 1-1-2 അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഐ കെ എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി (ഓഡിറ്റ് എൻക്വയറി 23/24-25/18.07.25)

### 1-1-3 ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalents‘ ആയി രേഖപ്പെടുത്തിയ തുകയും (48,06,365) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (105956031) തുല്യമല്ല.

### 1-1-5 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പും ട്രയൽ ബാലൻസ് പ്രകാരള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

B1 Schedule ലെ Excess Of Income Over Expenditure തൻവർഷത്തെ നീക്കിയിരിപ്പ് (41,303,343.6) തൻവർഷത്തെ ലെഡ്ജർ/ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് (3,25,28,054.6 ) എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

### 1-1-6 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)(4) പ്രകാരം ധനകാര്യ പത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടില്ല. (ഉദാ :ഷെഡ്യൂൾ B1,ഷെഡ്യൂൾ B9)

### 1-1-7 വസ്തു നികുതിയിനത്തിലെ വരവ് ബാധ്യതയായി ഉൾപ്പെടുത്തി

തനത് ഫണ്ടിലേക്കുള്ള വസ്തു നികുതിയിനത്തിലെ വരവ് ( 9635/-) ബാലൻസ് ഷീറ്റിലെ B-7 പ്രകാരം (കോഡ്-340109901 ) ബാധ്യതയായി ചേർത്തിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | ശീർഷകം | വിവരണം | വൗച്ചർ നം./ തീയതി | തുക |
|---|---|---|---|---|
| 31.03.2025 | 450210101 | വസ്തു നികുതി (BSNL TOWER-15/311) | 1240001706/31.03.2025 | 4644/- |
| 31.03.2025 | 450210101 | വസ്തു നികുതി (BSNL TOWER-15/311) | 1240001707/31.03.2025 | 4991/- |
| | ആകെ | | | 9635 |

## 1-2 ബജറ്റ്

| 2024-25ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2024-25ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി |
|---|---|
| 1(1)/09.02.2024 | 12(1)/12-03-2025 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പെമെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 85486382 |
| വരവ് | 143716864 |
| ആകെ | 229203246 |
| ചെലവ് | 138910499 |
| നീക്കിയിരിപ്പ് | 90292747 |

## 1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,45,26,873 | 2,45,26,873 | 2,44,28,148 | 98,725 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 62,87,501 | 62,87,501 | 60,27,220 | 2,60,281 |
| വികസനഫണ്ട് (ടി.എസ്.പി.) | | 23,91,519 | 23,91,519 | 23,91,519 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 26007000 | 26007000 | 15416230 | 10590770 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 16980000 | 16980000 | 10157147 | 6822853 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 13652689 | 13652689 | 3922825 | 9729864 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 5460735 | 5460735 | 5948247 | -487512 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 528 | 447424346 | 277 | 183767598 | 0 | 251 | 52.5% |

**കുറിപ്പ് :-**

അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 639/25 എന്ന നമ്പറിലും, ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 643/25, 641/25 എന്നീ നമ്പറുകളിലും ,ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 640/25, 642/25 എന്നീ നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ടി എസ് പി) എന്ന ഇനത്തിൽ 644/25, 645/25 എന്നീ നമ്പറുകളിലുമായിമായി തൻവർഷത്തിൽ ആകെ ₹11118107/- സോഴ്സ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടുകളുടെ അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടുകളുടെ അടങ്കൽ കൂടെ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി (MGNREGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 2161735 | 2161735 | 2161394 | 341 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 53789036 | 53789036 | 53789036 | 0 |
| **ആകെ** | **0** | **55950771** | **55950771** | **55950430** | **341** |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4100000 | 249 |
| വിധവാപെൻഷൻ | 23038700 | 1541 |
| വാർദ്ധക്യകാലപെൻഷൻ | 39466600 | 2815 |
| വികലാംഗപെൻഷൻ | 9600900 | 632 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ | 860000 | 56 |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| **ആകെ** | 77216200 | |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2025 ന് 2.30 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5447/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥരായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ ,എഫ്.എച്ച്.സി, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസി. സെക്രട്ടറി, വി.ഇ.ഒ എന്നിവർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രോജക്റ്റ് രജിസ്റ്റർ ഉണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

3) വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിറ്ററിംഗ് എന്ന നിയമപരമായ കടമ നിർവ്വഹിക്കുന്നില്ല. ആയത് പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4) ഓഡിറ്റ് ശ്രദ്ധയിൽപെടുത്തിയത് ഉൾപ്പടെയുള്ള അനധികൃത നിർമ്മാണങ്ങൾക്കെതിരെ പരിശോധനകളോ ചട്ടപ്രകാരമുള്ള തുടർനടപടികളോ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

5) ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതുൾപ്പടെയുള്ള പദ്ധതികളുടെ പൂർത്തീകരണ ശേഷം, ഫലപ്രദമായി ലക്ഷ്യം കൈവരിക്കുന്ന രീതിയിൽ ആയവ പരിപാലിച്ച് മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

6) The Kerala Places Of Public Resort Act, 1963 (Act 40 Of 1963) പ്രകാരമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന, നീന്തൽക്കുളങ്ങളോട് കൂടിയ അനധികൃത റിസോർട്ടുകൾ/അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവക്കെതിരെ പരിശോധനകളോ ചട്ടപ്രകാരമുള്ള തുടർനടപടികളോ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

7) ഗ്രാമപഞ്ചായത്ത് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകാതെയും തൊഴിൽ നികുതി അടവാക്കാതെയും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിച്ചത് കണ്ടെത്തി നടപടി സ്വീകരിച്ചില്ല.

8) ബഡ്സ് സ്കൂൾ, സാംസ്കാരിക നിലയം, ഹരിത കർമ്മ സേന, MGNREGS തുടങ്ങിയവക്ക് നൽകുന്ന ഉപകരണങ്ങളുടെ സ്റ്റോക്കെടുപ്പ് ഉറപ്പ് വരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.11.2022 | ഒക്ടോബർ 2022 വരെ | 11.11.2022 |
| എ.ജി ഓഡിറ്റ് | 30.10.2023-07.11.2023 | 2018-19 മുതൽ 2022-23 വരെ | 29.12.2023 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം

ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി മമ്പാട് ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ സംബന്ധിച്ച് സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു -

പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ അനുവദിച്ച ഹെൽത്ത് ഗ്രാന്റ്, അവാർഡ് കാലയളവിൽ (2021-2026) 6 സ്കീമുകളിലായി നടപ്പാക്കി വരുന്നു. ഗ്രാമ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്.

| | |
|---|---|
| സ്കീം-1 | കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമിക്കുവാൻ സഹായം |
| സ്കീം-3 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| സ്കീം-4 | ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങൾ മുഖേന ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |

2022-23 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ **ലഭിച്ച** ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു -

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്)

| വർഷം | <u>സ്കീം -1</u><br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | <u>സ്കീം - 3</u><br>Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | <u>സ്കീം - 4</u><br>Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | 293019 | 160000 | 453019 |
| 2023-24 | Nil | 1144000 | 465000 | 1609000 |
| 2024-25 | Nil | 478000 | 741000 | 1219000 |
| | | | ആകെ | 3281019 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil |
| 2022-23 | Nil | Nil | Nil | Nil |
| 2023-24 | Nil | 112046 | 162210 | 274256 |
| 2024-25 | Nil | 714472 | 409146 | 1123618 |
| | | | ആകെ | 1397874 |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| **ക്രമ നമ്പർ** | **സ്കീം** | **നീക്കിയിരിപ്പ് തുക** |
|---|---|---|
| 1 | സ്കീം 1 | Nil |
| 2 | സ്കീം 3 | 1159697 |
| 3 | സ്കീം 4 | 822401 |
| **ആകെ (പലിശ ഉൾപ്പെടെ)** | | **1982098രൂപ** |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക |
|---|---|---|
| 2022-23 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(409/23) | 0 |
| 2022-23 | ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളുടെ ശാക്തീകരണം(410/23) | 0 |
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(409/24) | 112046 |
| 2023-24 | ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളുടെ ശാക്തീകരണം(410/24) | 159998 |
| 2023-24 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | 2212 |

| | | |
|---|---|---|
| | നടപ്പിലാക്കൽ (465/24) | |
| 2024-25 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(466/24) | 0 |
| 2024-25 | രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(501/25) | 539026 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(502/25) | 175446 |
| 2024-25 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (503/25) | 409146 |
| 2024-25 | 23-24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(614/25) | 0 |
| 2024-25 | 23-24 വർഷത്തെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (615/25) | 0 |

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

മൂന്നു വർഷങ്ങളിലായി ലഭിച്ച ആകെ തുകയുടെ 42.6 % തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഹെൽത്ത് ഗ്രാന്റിൽ അവശേഷിക്കുന്ന **1982098** /-രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ- 01/24-25/10.07.2025

## 1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ

കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024ഓടുകൂടി കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാറുകൾ 50:50 നിരക്കിൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംയുക്തമായി നടപ്പിലാക്കുന്നതാണ് ജൽജീവൻ മിഷൻ പദ്ധതി. ഇതിൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15% വും ഗുണഭോക്തൃ വിഹിതം 10% ആണെന്ന് നിശ്ചയിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 10%, ഗുണഭോക്തൃ വിഹിതമായ 15% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 20.02.2025ലെ KWA-JB/1200/2025F1(A) നമ്പർ കത്ത് പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് 14.08 കോടി രൂപ ചെലവ് വരുന്നതാണെന്നും ആയതിന്റെ 15% പഞ്ചായത്ത് വിഹിതമായ 2.11 കോടി ഒടുക്ക് വരുത്തേണ്ടതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല.

2) ഗുണഭോക്തൃ വിഹിതമിനത്തിൽ ഗ്രമപഞ്ചായത്ത് തുക പിരിച്ചെടുത്തിട്ടില്ല.

3) ജൽജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പദ്ധതിക്ക് തുക വകയിരുത്താത്തതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

4) ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിൽ നടന്നു വരികയാണെന്നും നിലവിൽ 2000 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

5) ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഫണ്ട് ലഭിച്ചിട്ടില്ല.

6) ജൽജീവൻ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പൂർത്തീകരണത്തിനുമായി ഗ്രാമപഞ്ചായത്തിന്റെ Implementation Support Agency(ISA) ആയി തെരഞ്ഞെടുക്കപ്പെട്ട രാജീവ് യൂത്ത് ഫൗണ്ടേഷൻ, മഞ്ചേരി എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസികളുമായി 03.02.2022ന് ത്രികക്ഷി കരാറിൽ (ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി-DWSM, ISA) ഏർപ്പെടുകയും 16.10.2024ന് കരാർ പുതുക്കിയതായും കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ജൽജീവൻ പദ്ധതിക്ക് ISA നൽകി വരുന്ന സഹായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.02/24-25/10.07.2025

## 1-13 ഫിറ്റ്നസ് ഇല്ലാതെയും തൊഴിൽ നികുതിയടവാക്കാതെയും സ്കൂൾ പ്രവർത്തിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016ലെ 792455/ഇ.ഡബ്ല്യു.3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പ്രീ പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണമെന്നും, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി ഉറപ്പാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ (മമ്പാട് സൗത്ത്) കെ.മുഹമ്മദാലി എന്നവരുടെ ഉടമസ്ഥതയിൽ പീസ് പബ്ലിക്ക് സ്കൂൾ എന്ന സ്ഥാപനത്തിന് 13/664 A, B,C എന്നിങ്ങനെ നമ്പർ അനുവദിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2024-25 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുകളുടെ ഫയൽ പരിശോധിച്ചതിൽ മേൽ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ കണ്ടില്ല.

കൂടാതെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

പീസ് പബ്ലിക്ക് സ്കൂളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും ഫിറ്റ്നസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 28/24-25/21.07.2025) തൊഴിൽ നികുതി രജിസ്റ്ററിൽ മേൽ സ്ഥാപനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നാളിതു വരെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നും തൊഴിൽ നികുതി അടവാക്കുന്നതിന് പ്രസ്തുത സ്കൂളിന് രേഖാമൂലം കത്ത് നൽകി നികുതിയീടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.പീസ് പബ്ലിക്ക് സ്കൂളിൽ നിന്നും തൊഴിൽ നികുതിയീടാക്കിയതിന്റെയും ഫിറ്റ്നസ് അനുവദിച്ചതിന്റെയും രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ തരം പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചതിൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ശ്രീമതി. ലൈല .പി.വി എന്നവർക്ക് ലേഡീസ് ഹോസ്റ്റൽ നടത്തുന്നതിന് ചുവടെ ചേർത്ത ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

| ലൈസൻസ് നം | ലൈസൻസ് അനുവദിച്ചതിന്റെ പ്രവർത്തനം | സ്ഥാപനത്തിന്റെ പേര് | വാർഡ്/ കെട്ടിട നമ്പർ , തരം | കെട്ടിട ഉടമ |
|---|---|---|---|---|
| 1960/2024-25/131<br>തി.27.04.2024 | ലേഡീസ് ഹോസ്റ്റൽ നടത്തുന്നതിന് | ഗ്രേഷ്യസ് ഗാർഡൻ | 9/129 B, C, D, E, F, G | ശ്രീമതി. ഹിഷാന വി പി,വലിയപീടിയേക്കൽ |

ഇത് സംബന്ധിച്ച അപാകത ചുവടെ ചേർക്കുന്നു.

9/129 B, C, D, E, F, G എന്നീ കെട്ടിട നമ്പറുകളിലായി ആകെ 401.91 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിലാണ് ടി ലേഡീസ് ഹോസ്റ്റലിന് ലൈസൻസ് അനുവദിച്ചത്. ലൈസൻസ് അനുവദിച്ച കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധിച്ചതിൽ, പാർപ്പിടാവശ്യം എന്ന തരം ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 3 രൂപ നിരക്കിൽ കണക്കാക്കി നികുതി നിർണ്ണയിച്ച കെട്ടിടത്തിലാണ് മേൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി 'സ്വകാര്യ ഹോസ്റ്റൽ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീറ്ററിന് 40 രൂപ നിരക്കിൽ ( 2023ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ 14.08.2023 ലെ SC2-3342/23 പ്രകാരം സ്വകാര്യ ഹോസ്റ്റലിന് 40 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്) നികുതി നിർണ്ണയിച്ച ശേഷമായിരുന്നു ലേഡീസ് ഹോസ്റ്റൽ നടത്തുന്നതിന് ലൈസൻസ്

അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതി നഷ്ടവും സംഭവിക്കുന്നതായി കാണുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 20/24-25/17.07.2025) ലഭ്യമാക്കിയ മറുപടിയിൽ, അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 റിസോർട്ടുകൾക്ക് ലോഡ്ജുകളുടെ നികുതി നിർണ്ണയിച്ചു-ചട്ട ലംഘനം, വസ്തു നികുതി നഷ്ടം.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും 2024-25 വർഷത്തിൽ ലോഡ്ജിംഗ് ഹൗസുകൾക്കായി രജിസ്ട്രേഷൻ പുതുക്കി ലൈസൻസ് അനുവദിച്ച താഴെ പട്ടികയിൽ പറയുന്ന സ്ഥാപനങ്ങളുടെ പ്രവർത്തന വിവരങ്ങൾ വെബ്സൈറ്റ്/ഗൂഗിൾ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം ആയവ റിസോർട്ടുകളായാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. ആയതിനാൽ തന്നെ ടി കെട്ടിടങ്ങൾക്ക്, 2023ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ 14.08.2023 ലെ SC2-3342/23 പ്രകാരം റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി, 85/ച.മി അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ, പാർപ്പിടാവശ്യം -ലോഡ്ജ്,ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ച.മി വരെയുള്ളവ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 40 രൂപ പ്രകാരമാണ് നികുതി നിർണ്ണയച്ചതായാണ് കാണുന്നത് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ രജിസ്ട്രേഷൻ നമ്പർ / | സഞ്ചയ പ്രകാരമുള്ള വിവരം വാർഡ്/കെട്ടിട നമ്പർ , തരം |
|---|---|---|
| 1 | Rock Dale Resort Thalipoyil 01/2024-25 | 2/28 B ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) 2/28 E , 2/28 H , 2/28 J, 2/28 K, 2/28 M ,2/28 N , 2/28 P, 2/28 S, 2/28 T, 2/28 U, 2/28 V, 2/28 W,2/28 X, 2/28 Y, 2/28 Z, 2/29 B/ പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ |
| 2 | River Beats Resort Karukamanna 02/ 2024-25 | 18/248 N, 18/248 P, 18/248 R, 18/248 S, 18/248 T/ പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ |
| 3 | Canoly Tourist Home Palaparambu | 4/99 D, 4/99 E, 4/99 F, 4/99 G, 4/99 H, 4/99 J/ പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ |

ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി റിസോർട്ടുകൾ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 85 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച ശേഷമായിരുന്നു റിസോർട്ട് നടത്തുന്നതിന് ലൈസൻസ് അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരം ചെയ്യാത്തത് കാരണം ചട്ടലംഘനത്തോടൊപ്പം വസ്തു നികുതിയിൽ നികുതി നഷ്ടവും സംഭവിക്കുന്നതായി കാണുന്നു.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ റിസോർട്ടുകൾ കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുണ്ടെങ്കിൽ ആയവയുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/24-25/14.07.2025) ലഭ്യമാക്കിയ മറുപടിയിൽ, അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു. 23.07.2025 ന് ടി റിസോർട്ടുകൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട്

പരിശോധിക്കുകയുണ്ടായി.പരിശോധനയിൽ ക്രമ നമ്പർ 3 പാർപ്പിടാവശ്യം- ലോഡ്ജ്, ഹോട്ടൽ ഉൾപ്പടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ളവ 300 ച,മീ വരെയുള്ളവ എന്ന ആവശ്യത്തിനായിട്ട് തന്നെയാണ് ഉപയോഗിക്കുന്നത്.എന്നാൽ മറ്റുള്ളവ സ്വിമ്മിംഗ് പൂൾ ഉൾപ്പെടെയുള്ള റിസോർട്ടുകളായാണ് പ്രവർത്തിപ്പിക്കുന്നത് . ചട്ടപ്രകാരമുള്ള തരം മാറ്റം വരുത്തി റിസോർട്ടുകൾ എന്ന ഗണത്തിലുൾപ്പെടുത്തി ച.മീ-ന് 85 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യകതമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തി യഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നുമുള്ള വിവരങ്ങളും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളും വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 04/24-25/ 10.07.2025) മുഴുവൻ വാർഡുകളിലെയും വിവര ശേഖരണം പൂർത്തിയായിട്ടുള്ളതാണെന്നും ഓരോ വാർഡിലെയും 10% എണ്ണം കെട്ടിടങ്ങളുടെ ഫിസിക്കൽ വെരിഫിക്കേഷൻ നടന്നു വരുന്നെന്നും ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്ലിന്ത് ഏരിയയിൽ മാറ്റം വന്ന മുഴുവൻ കെട്ടിടങ്ങൾക്കും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസ് അപാകതകൾ

1) മമ്പാട് ഗ്രാമപഞ്ചയത്തിലെ പത്താം വാർഡിൽ ശ്രീമതി. നിത്യനീഷ ജെ കെ എന്നവരുടെ പേരിലുള്ള 10/371/A എന്ന കെട്ടിടത്തിന് സഞ്ചയ പ്രകാരം അമ്യൂസ്മെന്റ് പാർക്ക് ഗണത്തിലുൾപ്പെടുത്തിയാണ് നികുതി നിർണ്ണയച്ചിട്ടുള്ളത്. KPR ആക്റ്റ് സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്ത് ലൈസൻസ് ഇല്ലാതെ ഏതൊരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്നത് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടി കെട്ടിടത്തിന് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.വെബ്സൈറ്റ്/ഗൂഗിൾ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നുണ്ട്.അമ്യൂസ്മെന്റ് പാർക്ക് നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) 19/30 C നമ്പർ കെട്ടിടത്തിലായി River Land & Play Zone എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതായി കാണുന്നു. എന്നാൽ ലൈസൻസ് അനുവദിച്ചതിന്റെ രേഖകൾ പ്രകാരം ഫുഡ് കോർട്ട് & ചെറിയ കുട്ടികൾക്കുള്ള വിനോദ ഉപാധികളും എന്ന ആവശ്യത്തിനായാണ് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.എന്നാൽ സ്ഥാപനങ്ങളുടെ പ്രവർത്തന വിവരങ്ങൾ വെബ്സൈറ്റ്/ ഗൂഗിൾ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം ആയവ അമ്യൂസ്മെന്റ് പാർക്കുകളായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് കാണുന്നു. ടി കെട്ടിടങ്ങൾക്ക്, 2023ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ 14.08.2023 ലെ SC2-3342/23

പ്രകാരം അമ്യൂസ്മെന്റ് പാർക്ക് ഗണത്തിൽ ഉൾപ്പെടുത്തി, 25/ച.മി അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യാതെ, അസംബ്ലി കെട്ടിടം,കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 20 രൂപ പ്രകാരം നികുതി നിർണ്ണയച്ചതായാണ് കാണുന്നത് .

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 24/2024-25/18.07.2025) ക്രമനമ്പർ 1 ലെ കെട്ടിടത്തിൽ അമ്യൂസ്മെന്റ് പാർക്ക് പി.പി.ആർ ലൈസൻസ് എടുത്ത് നിയമാനുസൃതം പ്രവർത്തിപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ നാളിതു വരെ ആയതിനുള്ള രേഖകൾ ഹാജതാക്കിയിട്ടില്ലായെന്നും ഹാജരാക്കുന്ന മുറയ്ക്ക് അമ്യൂസ്മെന്റ് പാർക്കിനുള്ള ലൈസൻസ് അനുവദിക്കുന്നതാണെന്നും ക്രമ നമ്പർ 2 ലെ സ്ഥാപനത്തിൽ യന്ത്രവൽകൃത സഹായത്താൽ പ്രവർത്തിക്കുന്ന റൈഡുകളൊന്നും സ്ഥാപിച്ചിട്ടില്ലാത്തതിനാലാണ് ഫുഡ് കോർട്ട് & ചെറിയ കുട്ടികൾക്കുള്ള വിനോദ ഉപാധികളും എന്ന ആവശ്യത്തിനായി ലൈസൻസ് അുനവദിച്ചതെന്നും മറപടി ലഭ്യമാക്കി.എന്നാൽ 23.07.2025 ടി പാർക്കുകൾ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

A)2 സൈറ്റിലും 4 പൂൾ ഉണ്ട്. പൂളുകൾ ഒന്നും തന്നെ വസ്തു നികുതി ചുമത്തപ്പെട്ടവയല്ല .

B) കാന്റീൻ, ടീ/കോഫീ ഷോപ്പ് പ്രവർത്തിക്കുന്നുണ്ട്.

C) വാട്ടർ തീം ആയും അല്ലാതെയും യന്ത്രങ്ങൾ ഉപയോഗിച്ചുമായി ഇരുപതോളം റൈഡുകൾ പ്രവർത്തിക്കുന്നുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവർത്തനം തുടരുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തി വെക്കുന്നതിന് ക്രിയാത്മക നടപടികൾ സ്വീകരിക്കുകയോ, പാർക്കിലെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചും യന്ത്രങ്ങളുടെയും റൈഡുകളുടെയും മറ്റും പ്രവർത്തനങ്ങൾ നിയമപ്രകാരമാക്കി പാർക്കിന്റെ പ്രവർത്തനം നിയമവിധേയമാക്കുകയോ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതി/ഫീസ് വരവുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ഉപയോഗക്രമത്തിനനുസൃതമായ വസ്തുനികുതി ചുമത്തിയില്ല

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ലൈസൻസ് രജിസ്റ്റർ, ലൈസൻസ് അപേക്ഷകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ചില വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിനിയോഗ ഗണം പരിശോധിച്ചതിൽ പാർപ്പിട വിനിയോഗത്തിൽ ഉൾപ്പെടുന്നതായി കാണുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| **ക്രമ നം** | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം | **സ്ഥാപനത്തിന്റെ പേര് / ലൈസൻസിയുടെ പേര്** | **ലൈസൻസ് നം., തീയ്യതി** | **വാർഡ്/ കെട്ടിട നമ്പർ** | **വിനിയോഗ ഗണം** |
|---|---|---|---|---|---|
| 1 | 47 | ഭാരത് ആയുർ കെയർ / പ്രസാദ്.പി.വി | HI-1312/2024-25/ തി.16.04.2024 | 7/532 A | പാർപ്പിടം |
| 2) | 167 | Glen Labs Vadapuram/ഡോൺ ബോസ്കോ | HI-2107/2024-25/165 തി.08.05.2024 | 3/400 E | പാർപ്പിടം |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(29/2024-25/21.07.2025) ക്രമ നമ്പർ 1 സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും ക്രമ നമ്പർ 2 സ്ഥാപനത്തിന്റെ

കെട്ടിടത്തിന്റെ തരം വാണിജ്യാവശ്യത്തിലേക്ക് മാറ്റി നികുതി പുനർ നിർണ്ണയിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-19 അനധികൃത നിർമ്മാണങ്ങൾ-UA നമ്പർ/ക്രമവൽക്കരണ/നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ സ്വീകരിക്കുന്ന തുടർനടപടികളുടെ പരിശോധനയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് തുടർനടപടികൾ പരിശോധിച്ചതിൽ, മേൽ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-14 പ്രകാരം ചില കെട്ടിടങ്ങളിൽ ഓഡിറ്റ് നേരിട്ട് പരിശോധന നടത്തിയതിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, UA നമ്പർ അനുവദിക്കുന്നതിനും ചട്ടപ്രകാരമുള്ള തുടർനടപടികൾക്കുമായി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്നതാണ്, ഖണ്ഡിക 1-14 പരാമർശിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ പ്രകാരം ടി കെട്ടിടങ്ങൾക്ക് നാളിതുവരെ UA നമ്പർ അനുവദിച്ച് ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/14.07.25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, പട്ടികയിലെ ക്രമ നം.1 അനധികൃത നിർമ്മാണത്തിന് മൂന്നിരട്ടി നികുതി ചുമത്തി, 12/176 AU, 12/176 AV, 12/176 AW, 12/176 AX എന്നിങ്ങനെ നമ്പർ അനുവദിച്ചതായി അറിയിച്ചു.

എന്നാൽ മേൽ കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച്, കെട്ടിടത്തിലെ നിർമ്മാണങ്ങൾ KPBR പ്രകാരമാണോ എന്ന വിവരങ്ങൾ പരിശോധിച്ച സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പട്ടികയിലെ മറ്റ് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുകയോ UA നമ്പർ നൽകുകയോ ചട്ടപ്രകാരമുള്ളതും, 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരമുള്ളതും, കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുക വഴിയും, കെട്ടിടത്തിന്റെ നലവിലെ സ്ഥിതി ചട്ടങ്ങൾക്ക് വിധേയമാണോ എന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നതും പഞ്ചായത്ത് രാജ് നിയമ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഒന്നാമതായ, കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുക എന്ന ചുമതല നിർവ്വഹിക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് വരുത്തുന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സഞ്ചയ പ്രകാരം ഗ്രാമ പഞ്ചായത്ത് UA അനുവദിച്ചിട്ടുള്ള മറ്റ് കെട്ടിടങ്ങളുടെ മേലും UA നമ്പർ അനുവദിച്ച ശേഷം സ്വീകരിക്കേണ്ട പരിശോധനയോ പൊളിക്കൽ നടപടികളോ സ്വീകരിച്ചിട്ടുമില്ല.

| ക്രമ നം | പെർമിറ്റ്, കെട്ടിട ഉടമ, നമ്പർ, തരം , വിസ്തീർണ്ണം- ഫയൽ/ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ. | പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|---|
| 1 | A2 692/2020 15.06.2020, ശ്രീ. ഷുക്കൂർ തർത്തീബ് മറ്റുള്ളവർകൂടി <u>മൂന്ന് കെട്ടിടങ്ങൾ</u><br>1) 12/176 A മുതൽ Z വരെ ആകെ 501.57ച.മീ (224.88 GF+276.69 FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>2) 12/176 AA മുതൽ AJ വരെ ആകെ 214.39 ച.മീ (117.36 GF+97.03 FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>3) 12/176 AK മുതൽ ATവരെ ആകെ 223.87ച.മീ (128.22 GF+95.65FF) വിസ്തീർണ്ണം വാണിജ്യ ആവശ്യ ഗണത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.<br>ആകെ 939.83 ച.മീ വിസ്തീർണ്ണം. പ്ലാൻ പ്രകാരം ഗ്രൗണ്ട് ഫ്ലോറിൽ 14കാർ പാർക്കിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്. | മൂന്ന് കെട്ടിടങ്ങൾക്കും ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ രണ്ടാം നിലയുടെ അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. (സഞ്ചയയിൽ ഒന്നാം നിലയുടെ വിസ്തീർണ്ണം പൂർണ്ണമായും ഉൾപ്പെട്ടതായി കാണുന്നില്ല.) (276.69+117.36+128.22=522.27) ആകെ 522.27ച.മീ |
| 2 | 3/203 A മുതൽ R വരെ (I,O ഒഴികെ) ക്രമവൽക്കരണം. ശ്രീ. നിയാസ്. വാണിജ്യ കെട്ടിടം | 1) കെട്ടിടത്തിന് ഒന്നാം നിലയുടെ അതേ വിസ്തീർണ്ണത്തിൽ രണ്ടാം നിലയുടെ (338.3 ച.മീ) അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | ആകെ 978.55ച.മീ(301.95 Cellar+338.30 GF+338.3 FF).<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 9 കാർ പാർക്കിഗ് സൗകര്യം സെല്ലാർ ഫ്ലോറിലാണ് കാണിച്ചത്. ലോഡിംഗ് അൺലോഡിംഗ് സ്ഥലം രേഖപ്പെടുത്തിയിട്ടില്ല. | 2) കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോറിൽ പാർക്കിംഗ് സൗകര്യ കാണിച്ചിരുന്ന ഏരിയ പൂർണ്ണമായും കട മുറികളാക്കി വാഹന പ്രവേശനം ലഭ്യമാകാത്ത രീതിയിലാക്കിയിട്ടുണ്ട്. |
| 3 | <u>രണ്ട് കെട്ടിടങ്ങൾ -ക്രമവൽക്കരണം-</u>വാണിജ്യ കെട്ടിടം<br>1) 04/3 V,W,Y,Z,AA,AB വരെ, മുഹമ്മദ് അനീസ്, നഫീസ, നാരായണൻ<br>ആകെ - 244.5 ച.മീ(രണ്ട് നില 121.5+123)<br>2) 4/3AC, AD,AE,AF,AG,AH മുഹമ്മദ് അബ്ദുൽ റസാഖ്, മുഹമ്മദ് അനീസ്- ആകെ 231.82ച.മീ.(രണ്ട് നില 115.27+116.55)<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 5 കാർ പാർക്കിംഗ് സൗകര്യം ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറിയും മുന്നിലുമായിട്ടാണ് കാണിച്ചത്.<br>രണ്ട് കെട്ടിടങ്ങളും, രണ്ട് പ്ലോട്ടുകളുടെയും ഉടമസ്ഥരുടെ സമ്മതപത്രത്തോടെ അതിരിനോട് ചേർന്ന് 20cm മാത്രം അകലത്തിലാണ് നിർമ്മിച്ചത്. | 1) ഫയലിൽ, രണ്ട് കെട്ടിടങ്ങളും തമ്മിൽ 2 മീറ്റർ അകലം പാലിക്കണം എന്ന് എഞ്ചിനിയർ റിപ്പോർട്ടിൽ അപാകത സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിഹരിച്ചതായി എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയാണ് കെട്ടിടം ക്രമവൽക്കരിച്ചത്.<br>2) സമ്മത പത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തുമ്പോൾ ആ വശത്ത് വാതിലുകളോ ജനലുകളോ ഉൾപ്പടെ തുറക്കലുകൾ ഒന്നും തന്നെ പാടില്ല എന്ന് ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾ രണ്ടും അതിരിനോട് ചേർന്ന് നിർമ്മിച്ച വശത്ത് ഫസ്റ്റ് ഫ്ലോറിൽ ചുമരുകൾ സ്ഥാപിച്ചിട്ടില്ല, പൂർണ്ണമായും തുറന്ന നിലയിലാണ്. ആയതിനാൽ ചട്ടം പാലിക്കാത്ത കെട്ടിടങ്ങളാണ് ക്രമവൽക്കരിച്ചത്.<br>3) നിലവിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറ്റി കാർ പാർക്കിംഗ് പ്രായോഗികമല്ല. |
| 4 | <u>മൂന്ന് കെട്ടിടങ്ങൾ-ക്രമവൽക്കരണം-</u>വാണിജ്യ കെട്ടിടം<br>1) 04/3 A,B,C,D,E,F വരെ, അബ്ദുൽ ഖാലിക്<br>ആകെ - 186.05 ച.മീ(രണ്ട് നില 90.75+95.3)<br>2) 4/3 G,H,J,K,L,M ജുഹൈന കീരൻ തൊടിക- ആകെ 202.8ച.മീ. (രണ്ട് നില 101.4+101.4)<br>3) 4/3N, P, Q, R, T,U നാസർ ചെറുപള്ളി -ആകെ 179.3 ച.മീ(രണ്ട് നില 88.99+90.31)<br>പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിഗ് സൗകര്യം ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറിയും മുന്നിലുമായിട്ടാണ് കാണിച്ചത്.<br>രണ്ട് കെട്ടിടങ്ങളും, രണ്ട് പ്ലോട്ടുകളുടെയും ഉടമസ്ഥരുടെ സമ്മത പത്രത്തോടെ അതിരിനോട് ചേർന്നാണ് നിർമ്മിച്ചത്. | 1) ഫയലിൽ, രണ്ട് കെട്ടിടങ്ങളും തമ്മിൽ 2 മീറ്റർ അകലം പാലിക്കണം എന്ന് എഞ്ചിനിയർ റിപ്പോർട്ടിൽ അപാകത സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിഹരിച്ചതായി എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയാണ് കെട്ടിടം ക്രമവൽക്കിരിച്ചത്.<br>2) സമ്മത പത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ അതിരിനോട് ചേർന്ന് നിർമ്മാണം നടത്തുമ്പോൾ ആ വശത്ത് വാതിലുകളോ ജനലുകളോ ഉൾപ്പടെ തുറക്കലുകൾ ഒന്നും തന്നെ പാടില്ല എന്ന് ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മേൽ കെട്ടിടങ്ങൾ രണ്ടും അതിരിനോട് ചേർന്ന് നിർമ്മിച്ച വശത്ത് ഫസ്റ്റ് ഫ്ലോറിൽ ചുമരുകൾ സ്ഥാപിച്ചിട്ടില്ല, പൂർണ്ണമായും തുറന്ന നിലയിലാണ്. ആയതിനാൽ ചട്ടം പാലിക്കാത്ത കെട്ടിടങ്ങളാണ് ക്രമവൽക്കരിച്ചത്.<br>3) നിലവിൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിലേക്ക് കയറ്റി കാർ പാർക്കിംഗ് പ്രായോഗികമല്ല.<br>4) കെട്ടിടങ്ങളുടെ പ്ലോട്ടുകൾ മൂന്നും മൂന്ന് വ്യക്തികളുടെ പേരിലും ഓരോന്നിനും വ്യത്യസ്ത ആധാരം, നികുതി ശീട്ട്, പൊസഷൻ സർട്ടിഫിക്കറ്റ് എന്നിവയായിരുന്നിട്ടും മേൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണം ഒരു ഫയലായിട്ട് നടത്തിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. |

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി വിവരങ്ങൾ ഫോം 10ലുള്ള രജിസ്റ്ററിൽ രേഖപ്പടുത്തേണ്ടതും ചട്ടം 20(2) പ്രകാരം ഈ നമ്പർ നല്കുന്നത് 242 വകുപ്പ്

പ്രകാരം (ചട്ടപ്രകാരമുള്ള വസ്തു നികുതിയും അതിന്റെ രണ്ടരട്ടി നികുതിയും ഈടാക്കുന്നത് സംബന്ധിച്ച്) വസ്തു നികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രമാണ് എന്നും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 242 വകുപ്പ് പ്രകാരം നിർണ്ണയിച്ച വസ്തു നികുതി ആവശ്യപ്പെട്ട് കൊണ്ട് ഉടമകൾക്ക് ഡിമാന്റ് നോട്ടീസ് അയക്കേണ്ടതും കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഇപ്രകാരം വസ്തു നികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുമെന്നും, ഇപ്രകാരം വസ്തു നികുതി ചുമത്തുന്നത് മൂലം ടി കെട്ടിടം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടം പൊളിച്ച് മാറ്റുന്നത് വരെ ഉടവസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമാവില്ല ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതാണെന്നും ചട്ടം 20(3) ലും വ്യക്തമാക്കിയിട്ടുള്ളതാണ്.

ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർനൽകപ്പെട്ടതും 406ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഓഡിറ്റ് ശ്രദ്ധയിൽപെടുത്തിയിട്ടും അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം സ്വീകരിക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതും, പട്ടികയിൽ പരാമർശിച്ച കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗവുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയവ നിലവിൽ KPBR ചട്ടങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടോ എന്നതുൾപ്പടെയുള്ള നിലവിലെ ഫ്ലോർ ഏരിയ, ബിൽഡ് അപ് ഏരിയ, FSI, കവറേജ്, പാർക്കിംഗ്, മറ്റ് സ്ഥിതി വിവരം സംബന്ധിച്ച പരിശോധന റിപ്പോർട്ടും ചട്ടപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ടി വിവരങ്ങളും ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയുടെ കൂടെ ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ടർഫുകൾക്ക് വസ്തു നികുതി-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

GO(P)No. 25/2023/LSGD തിയ്യതി 05.04.2023 -ലെ ക്രമ നമ്പർ 6d പ്രകാരം ടർഫുകൾക്ക് വസ്തു നികുതി ചുമത്തേണ്ടതാണ്. 2023ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള, ഗ്രാമപഞ്ചായത്തിന്റെ അന്തിമ വിജ്ഞാപനം നമ്പർ 14.08.2023 ലെ SC2-3342/23 പ്രകാരം ടർഫുകൾക്ക് 25 രൂപ അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ടർഫുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും അവക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ടർഫുകൾ കണ്ടെത്തി നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 വക്കീൽ ഫീസ് അധികം നൽകി

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/16/തസ്വഭവ തിയതി 18.02.2016 പ്രകാരം ഒരു കേസിന് അനുവദിക്കാവുന്ന പരമാവധി വക്കീൽ ഫീസ് 15000 രൂപയും വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിക്ക് വിധേയമായി 50,000 രൂപയുമാണ്. അതിന് മുകളിലുള്ള തുകക്ക് സർക്കാറിന്റെ അനുമതി തേടേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കേരള ഹൈക്കോടതിയിൽ ചുവടെ ചേർത്ത കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ശ്രീ. സത്യനാഥമേനോൻ അഡ്വാക്കറ്റിന് താഴെ പറയും പ്രകാരം 2024-25 വർഷത്തിൽ നൽകിയിട്ടുണ്ട്.

| കേസ് നമ്പർ | വൗച്ചർ നമ്പർ | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|---|
| WP(C)No.5418/2023 | 22400349/18.07.24 | 20,000 | 15000 | 5,000 |

അധിക തുക അനുവദിച്ചതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/14.07.25ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികം തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധിക തുക അനുവദിച്ചതിന് വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 വാഹനം, അനുബന്ധ വിവരങ്ങൾ VEELS ൽ ചേർക്കുന്നില്ല, ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ,

ഡ്രൈവർമാർ, ഇന്ധനം നിറക്കൽ, റിപ്പയർ ഉൾപ്പടെയുള്ള വിവരങ്ങൾ “Vehicle Management And Location Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തിത്തിയിട്ടോണ്ടോ എന്ന വിവരം പരിശോധിച്ചതിൽ, VEELS ലോഗിനിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള മഹീന്ദ്ര ബോലേറോ നമ്പർ-KL 10 AN 9004, ഹരിതകർമ്മ സേനയുടെ ഇലക്ട്രിക് വാഹനങ്ങളായ KL 71 K 6603, KL 71 L 1416 എന്നിവയുടെ വിവരങ്ങളും, ഡ്രൈവർമാരുടെയും മറ്റു വിവരങ്ങളും വീൽസിൽ ചേർത്തിട്ടില്ല എന്ന് കണ്ടെത്തി.

മേൽ വാഹനങ്ങളുടെ ലോഗ്ബുക്കുകൾ പരിശോധിച്ചതിൽ, ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ കസ്റ്റോഡിയൻ/കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതായി കാണുന്നില്ല. ഹരിതകർമ്മ സേനയുടെ രണ്ട് വാഹനങ്ങളുടെയും ലോഗ് ബുക്കുകളിലും ഓരോ ദിവസവും ഓടുന്നതിന്റെ പൂർണ്ണ വിവരങ്ങൾ ചേർക്കുകയോ മാസാന്ത സംക്ഷിപ്തം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല എന്നും കണ്ടു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.08/14.07.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, വാഹന വിവരങ്ങൾ VEELS ൽ ചേർക്കുന്നതിനും ലോഗ് ബുക്കുകളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചു. തുടർ നടപടി വിവരങ്ങളും VEELS ൽ വിവരങ്ങൾ രേഖപ്പെടുത്തി പൂർത്തീകരിച്ച് അക്കാര്യവും അറിയിക്കേണ്ടതാണ്.

## <u>1-23 വാറണ്ടിയുൾപ്പടെയുള്ള കാലയളവിലേക്ക് AMC നൽകിയത് വഴി 5732രൂപ അധികം ചെലവഴിച്ചു</u>

പദ്ധതി - നം. 557/2025 പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ.

അടങ്കൽ- 100,000/- തനത് ഫണ്ട്.

ചെലവ്- 91150/- , ചെക്ക് നം. 048376/28.03.2025

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം, ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ജെം മുഖേന, കാൻഡിഡ് സിസ്റ്റംസ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. CST-0877/22.03.2025, Rs. 78650/- പ്രകാരം ഫോട്ടോസ്റ്റാറ്റ് മെഷീനും(HP Lasejet MFP M438nda, CNB1S8675B Rs. 49990/- + 5 വർഷ ഗ്യാരണ്ടി തുക Rs. 28660/- ), ഫോട്ടോസ്റ്റാറ്റ് മെഷീന് വേണ്ടിയുള്ള ട്രോളിയും, സ്റ്റബിലൈസറും ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം കുറഞ്ഞ വില ക്വാട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ഇൻവോയ്സ് നം. CST-0879/22.03.25 Rs. 12500/- പ്രകാരം മേൽ സ്ഥാപനത്തിൽ നിന്ന് തന്നെ ഫോട്ടോസ്റ്റാറ്റ് മെഷീന് വേണ്ടിയുള്ള ട്രോളിയും, സ്റ്റബിലൈസറും വാങ്ങിയിട്ടുണ്ട്.

ജെം കോൺട്രാക്ട് നം. GEMC 511687740321336/ 19.03.2025 പ്രകാരം, HP Lasejet MFP M438nda മോഡൽ ഫോട്ടോസ്റ്റാറ്റ് മെഷീനിന് 1 വർഷ കമ്പനി വാറണ്ടി ഉണ്ട്. അതായത് 22.03.2025 മുതൽ 21.03.2026 വരെ വാറണ്ടി ഉള്ളതാണ്. 5 വർഷത്തേക്ക് ഗ്യാരണ്ടി ചേർത്ത് ആയതിന് ആകെ 28660/- രൂപ അധികം ഇൻവോയ്സിൽ രേഖപ്പെടുത്തിയത്.

എന്നാൽ 22.03.2025ന് സ്ഥാപനവുമായി ചമച്ച കരാർ (Estamp Serial No. 202425000002300130/ 17.03.2025) പ്രകാരം 22.03.2025 മുതൽ 21.03.2030 വരെയുള്ള, കമ്പനി വാറണ്ടി ഉൾപ്പടെയുള്ള 5 വർഷ കാലയളവിലേക്ക് മേൽ ഫോട്ടോസ്റ്റാറ്റ് മെഷീനിന് Annual Maintenance Contract (AMC) നൽകുകയാണ് ചെയ്തത്. വാറണ്ടി നിലവിലുള്ള ആദ്യ 1 വർഷത്തേക്ക് കൂടി ചേർത്ത് AMC തുക നൽകിയത് പ്രകാരം 28660/5 = 5732/- രൂപ സ്ഥാപനത്തിന് അധികം നൽകിയിട്ടുണ്ട്.

അപാകത സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.06/14.07.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, മേൽ അഞ്ച് വർഷ കാലയളവിൽ ഫോട്ടാസ്റ്റാറ്റ് മെഷീൻ തകരാറിലായാൽ ആയത് മാറ്റി നൽകുന്നതിനാണ് വാറണ്ടി ഉൾപ്പടെയുള്ള 5 വർഷ കാലയളവിലേക്ക് ഗ്യാരണ്ടി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കി. എന്നാൽ സ്ഥാപനവുമായി ചമച്ച കരാറിൽ മേൽ 5 വർഷ കാലയളവിലേക്കുള്ള Annual Maintenance Contract (AMC) മാത്രമായാണ് രേഖപ്പെടുത്തിയത്. ഗ്യാരണ്ടിയെക്കുറിച്ചോ അക്കാലയളവിൽ കേട് വന്ന മെഷീൻ ഭാഗങ്ങൾ മാറ്റി നൽകുന്നതാണോ എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇലക്ട്രോണിക് ഉപകരണത്തിന് ഒരു വർഷം കമ്പനി നൽകുന്ന വാറണ്ടി ഉണ്ടായിരിക്കെ, വാറണ്ടി കാലയളവിന് ശേഷമുള്ള കാലയളവിലേക്ക് മാത്രം അധിക തുക നൽകി ഗ്യാരണ്ടിയോ AMC-യോ നൽകാമായിരുന്നിട്ടും , അപ്രകാരം ചെയ്യാതെ ഒരു വർഷ കമ്പനി വാറണ്ടി ഗ്യാരണ്ടി ആക്കി മാറ്റുന്നതിന് 5732/- രൂപ അധികം നൽകിയത് ശരിയായ നടപടിയല്ല. ഇത് വഴി ഉപകരണത്തിന്റെ വിലയായ 49990/- രൂപയിൽ ഉൾപ്പെട്ട വാറണ്ടിയുടെ പ്രയോജനം നഷ്ടപ്പെടുത്തുകയുമാണ് ചെയ്തത്.

ഇത്തരം അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും, കേടായാൽ ഫോട്ടോകോപ്പി മെഷീൻ മാറ്റി പുതിയത് നൽകുന്നതാണ് എന്ന ഗ്യാരണ്ടിയുള്ളതായി വ്യക്തമാക്കിയ 5 വർഷ കാലയളവിൽ മേൽ ഫോട്ടോകോപ്പി മെഷീന് റിപ്പയർ/മറ്റ് ചെലവുകൾ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യം ഓഡിറ്റ് തുടർന്നുള്ള വർഷങ്ങളിൽ നിരീക്ഷിക്കുന്നതുമാണ്.

## 1-24 പി.എച്ച്.സി/സബ്സെന്ററുകൾ- മുറിച്ച് മാറ്റിയ മരങ്ങളുടെ തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി തനതു ഫണ്ടിൽ നിന്നും 2024-25 വർഷത്തിൽ, പി.എച്ച്.സി-യിലേയും സബ്സെന്ററുകളിലെയും അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിച്ച് മാറ്റിയ വകയിൽ 22400424/24.08.24 നമ്പർ വൗച്ചർ പ്രകാരം മെഡിക്കൽ ഓഫീസർക്ക് 39000 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മരം മുറിച്ച് മാറ്റിയ ആളായ ശ്രീ. ഉദയകുമാർ 33 മരങ്ങൾ മുറിച്ചതായി കാണിച്ച് തുക അനുവദിക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും, തുക നേരിട്ട് ടിയാളുടെ അക്കൗണ്ടിലേക്ക് നൽകാതെ മെഡിക്കൽ ഓഫീസർക്ക് ആണ് നൽകിയത്. മെഡിക്കൽ ഓഫീസർ ശ്രീ. ഉദയകുമാറിന് 39000 രൂപ തുക അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ചുവടെ ചേർത്ത പ്രകാരം 33 മരങ്ങൾ മുറിച്ച് മാറ്റിയിട്ടുണ്ടെങ്കിലും ആയവ എന്ത് ചെയ്തു എന്നത് വ്യക്തമല്ല.

FHC മമ്പാട് - 13 എണ്ണം, സബ്സെന്ററുകൾ: പുളിക്കലൊടി- 7, പന്തലിങ്ങൽ - 8, മേപ്പാടം - 2, പുള്ളിപ്പാടം - 1, വടപുറം - 2.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.10/14.07.25 ന് ലഭ്യമാക്കിയ മറുപടി പ്രകാരം, വാലേഷൻ ലഭിക്കുന്ന മുറക്ക് വെട്ടി മാറ്റിയവ ലേലം ചെയ്ത് തുക പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചതായി അറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-25 മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക കണക്ക് ഷെഡ്യൂൾ B-18 പ്രകാരം താഴെ കൊടുത്ത 4,264,845.00 രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കുന്നതിന് ശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ പട്ടികയിൽ ചേർക്കുന്നു

| Code | Head | Amount (Rs.) | കുറിപ്പ് |
|---|---|---|---|
| 460100102 | Permanent Advance/Imprest | 200.00 | Imprest ഉപയോഗത്തിനായി മാറ്റി വെച്ചത് |
| 460500201 | Advance To Implementing Agencies - Deposit With Kerala Water Authority | 51,473.00 | കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | 1,335,127.00 | 2024-25ലും തുടർന്നും ആയി ഇതിൽ 1331427 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം KSEBയിൽ നിന്നും ലഭ്യമായിട്ടുണ്ട്. 3700 രൂപയുടെ വിനിയോഗ വിവരം കൂടി ലഭ്യമാകാനുണ്ട്. |
| 460500499 | Advance To Other Accredited Agencies | 45,000.00 | സർക്കാർ നിർദ്ദേശ പ്രകാരം സാക്ഷരത പ്രേരകുമാർക്ക് ഹെണറേറിയം മുൻകൂർ നൽകിയ തുക. തിരികെ ലഭ്യമായിട്ടില്ല |
| 460500501 | Advance To Implementing Officers | 184,169.00 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾക്ക് വിനിയോഗ വിവരം ലഭ്യമായിട്ടില്ല. |
| 460500801 | Advance To Mahatma Gandhi NREGA/AUEGS Administrative Expense | 2,196,947.00 | MGNREGS അഡ്മിൻ ഫണ്ട് ഇനത്തിൽ ജീവനക്കാർക്ക് ശമ്പളം നൽകിയത്. തുക തിരികെ ലഭ്യമായിട്ടില്ല. |
| 460509901 | Advance To Others | 451,929.00 | സാംഖ്യ സോഫ്റ്റ്‌വേർ അപ്ഡേഷനുമായി ബന്ധപ്പെട്ട് നൽകിയ മുൻകൂർ. |
| Total | | 4,264,845.00 | |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.11/14.07.2025 നൽകിയതിൽ, ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ റിമാർക്ക് കോളത്തിൽ ചേർത്തത. അവശേഷിക്കുന്ന മുൻകൂറുകൾ വിനിയോഗ വിവരവും/തുകയും ലഭ്യമാകുന്ന മുറക്ക് ക്രമീകരിച്ച് അറിയിക്കുന്നതാണ് എന്ന് മറുപടിയിൽ വ്യക്തമാക്കി. തുടർ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 വാനനിരീക്ഷണ കേന്ദ്രം സ്ഥാപിക്കൽ- തുടർ പരിപാലനവും സംരക്ഷണവും ഉറപ്പ് വരുത്തിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | 321/25, കാട്ടുമുണ്ട ജി.യു.പി.സ്കൂൾ വാനനിരീക്ഷണ കേന്ദ്രം |
| അടങ്കല്/ ചെലവ് | 300000 |
| ബിൽ/വൗച്ചർ നം. | 24150752027801036043/13.12.2024, 250000<br>24150752027801292591/07.02.2025, 50000 |

| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
|---|---|

ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് പരിധിയിൽ തന്നെ വാന നിരീക്ഷണത്തിനുള്ള ഒരു സ്ഥിരം സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഭരണസമിതിയുടെ 15.10.2024ലെ 1/17ാം നമ്പർ തീരുമാന പ്രകാരം വാന നിരീക്ഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി ടെലസ്കോപ്, മൂൺഫിൽട്ടർ, സോളാർ ഫിൽട്ടർ, ലേസർ ഗൺ, ലാപ്ടോപ്, പ്രോജക്ടർ തുടങ്ങിയ ഉപകരണങ്ങൾ 250000/-രൂപ ചെലവഴിച്ച് ജെം പോർട്ടൽ മുഖേന Mumbai Traders എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി കാട്ടുമുണ്ട ജി.യു.പി.സ്കൂളിന് നൽകിയിട്ടുണ്ട്. (ഇൻവോയിസ് നം.1862/24.03.2024) ഇത് കൂടാതെ കാട്ടുമുണ്ട ജി.യു.പി.സ്കൂളിൽ ഒരു ക്ലാസ് റൂം വാനനിരീക്ഷണ കേന്ദ്രത്തിന് മാത്രമായി സജ്ജീകരിക്കുന്നതിനാവശ്യമായ പെയിന്റിംഗ് ജോലികൾക്കും സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിനും 50000/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1) വാങ്ങിയ സാധനങ്ങൾ എച്ച്.എം സ്റ്റോക്കിലെടുത്ത് കാട്ടുമുണ്ട ജി.യു.പി.സ്കൂൾ എച്ച്.എം ന് കൈമാറിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഉപകരണങ്ങളുടെ നമ്പർ, വാറന്റി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടില്ല. കാട്ടുമുണ്ട ജി.യു.പി.സ്കൂളിലെ സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ ഉപകരണങ്ങളുടെ നമ്പർ, വാറന്റി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു.

2) ഇൻവോയിസിൽ Acer Laptop വാങ്ങിയതായാണ് കാണുന്നത്. എന്നാൽ 23.07.2025ന് നടത്തിയ സ്ഥല പരിശോധനയിൽ HP കമ്പനിയുടെ ലാപ്ടോപ് ആണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കണ്ടു.

3) ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്കൂൾ വിദ്യാർത്ഥികൾക്കും പ്രയോജനമാകേണ്ട ഈ പദ്ധതിയുടെ പ്രവർത്തനങ്ങളും, ഉപകരണങ്ങളുടെ തുടർ പരിപാലനവും നടത്തിപ്പും സംരക്ഷണ ചുമതലയും ആരിൽ നിക്ഷിപ്തമാണെന്നത് സംബന്ധിച്ച തീരുമാനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.37/24-25/23.07.25ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-27 അസി.എഞ്ചിനീയർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല

എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI വണ്ടൂർ ശാഖയിലുള്ള 39669298677 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് ടെണ്ടർ ഫീസിനത്തിലുള്ള വരവുകൾ വരുന്നത്. ഇത് കൂടാതെ പദ്ധതികളുടെ തനത് ഫണ്ട് ചെലവുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിന്നും ടി അക്കൗണ്ടിലേക്ക് നൽകുകയും അസി.എഞ്ചിനീയർ ചെലവഴിക്കുകയും ചെയ്യുന്നുണ്ട്.

31.3.2025 ന് ഈ അക്കൗണ്ടിൽ 1,26,309/-രൂപ നീക്കിയിരിപ്പ് ഉണ്ട്. പദ്ധതി ചെലവുകൾക്കായി ലഭിക്കുന്ന തുക യഥാസമയം ചെലവഴക്കുന്നതിനാൽ ഇത് ടെണ്ടർ ഫീസിനത്തിലുള്ള വരവുകളാണെന്ന് കാണുന്നു. സാമ്പത്തിക വർഷാവസാനത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച മുഴുവൻ വരവുകളും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറേണ്ടതായിരുന്നുവെങ്കിലും ആയത് പാലിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കിയപ്പോൾ തൻവർഷത്തിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച എല്ലാ വരവുകളും ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടെണ്ടർ ഫീ ഇനത്തിൽ ലഭ്യമായ തുക ക്യാഷ് ബുക്കിൽ വരവ് വച്ചതായി കാണുന്നില്ല. തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.19/24-25/17.07.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറി അറിയിക്കേണ്ടതാണ്.

## 1-28 കൺവീനർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് അധികം തുക നൽകി.

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% തുക നികുതികൾക്കായി വകയിരുത്തുന്നുണ്ട്. 27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയതിൽ നിന്ന് 5% തുക കുറവ് ചെയ്താണ് കൺവീനർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. അപ്രകാരം 5% തുക കുറവ് ചെയ്യാതെ ബില്ല് തയ്യാറാക്കിയതുമൂലം കൺവീനർക്ക് അധിക തുക നൽകാനിടയായതായി കാണുന്നു. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് മുഴുവനായും അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 454/25, കാട്ടുമുണ്ട ജി.യു.പി സ്കൂൾ പുനരുദ്ധാരണം (So) |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ/ ചെലവ് | 500000/ 499827 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം. തീയ്യതി | 24150752028400341845/29.06.2024 |
| ടി എസ് | TS/109768/2022 |
| കരാർ | 143/AE/2022-23 Dated 17.03.2023 |
| M Book | E- MBook |
| കൺവീനർ | മുഹമ്മദ് അഷ്റഫ് സി.കെ, HM GUPS കാട്ടുമുണ്ട ഈസ്റ്റ് |
| മൂല്യ നിർണ്ണയ തുക | 423582/- |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 423582/-+ GST |
| നൽകാവുന്ന തുക [5 % കുറവ് ചെയ്ത്] | 403881 + GST |
| അധികം | 19701/- [Ie 423582x5/107.5] +GST |

മേൽ പരാമർശിച്ച കത്തിന് ശേഷം നാളിതുവരെ പൈസ് സോഫ്റ്റ്വെയറിൽ ആയത് സംബന്ധിച്ച് മാറ്റം വരുത്തുകയോ ഉത്തരവുകളോ സർക്കുലറുകളോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ഓഡിറ്റ് എൻക്വയറിക്ക് ( നം.18/24-25/17.07.25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബിൽ തുക നൽകുമ്പോൾ 5% OH കുറവാക്കി നൽകുന്നതിന് വ്യക്തമായ നിർദ്ദേശമുണ്ടായിട്ടും ആയത് പാലിക്കാത്തതിനാൽ അധികം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-29 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112.1 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നത്തിനുള്ള അപേക്ഷ കരാറുകാർ അസി.എഞ്ചിനീയർ മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, അസി.എഞ്ചിനീയറുടെ ശുപാർശയോടുകൂടി ആയത് അസി.എക്സി.എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതുമാണ്. നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ആദ്യ തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും രണ്ടാം തവണ പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 25% വും ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇങ്ങനെ അനുവദിക്കുന്നത് പ്രവൃത്തിയുടെ ഒറിജിനൽ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷ സമർപ്പിക്കാത്ത പൂർത്തീകരണം വൈകിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|

| | | |
|---|---|---|
| 1 | 454/25, കാട്ടുമുണ്ട ജി.യു.പി സ്കൂൾ പുനരുദ്ധാരണം (So)<br>TS–109768/20222/03.01.2023<br>₹500000<br>ചെലവ് തുക- 499827<br>ബിൽ- 24150752028400341845/29.06.2024<br>കൺവീനർ- HM GUPS കാട്ടുമുണ്ട ഈസ്റ്റ്<br>കരാർ - 143/AE/2022-23 Dated 17.03.2023 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 423581.85<br>പൂർത്തീകരണകാലയളവ്-10 മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 20.03.2023<br>പൂർത്തീകരിക്കേണ്ട തീയ്യതി - 19.01.2024<br>പൂർത്തീകരിച്ച തീയ്യതി- 24.04.2024 | വൈകിയത് - 3 മാസം 5 ദിവസം.<br>ഈടാക്കേണ്ട പിഴ - 4707<br>(1% Of PAC)<br>(20.01.24 To 19.04.24 = 4236<br>20.04.24 To 24.04.24 = 8472x5/90=471) |
| 2 | 370/25, പാലപറമ്പ് കഞ്ഞണംകോട് റോഡ് റീടാറിംഗ് രണ്ടാം ഘട്ടം (So)<br>TS–134126/2023/23.12.2023<br>₹200000<br>ചെലവ് തുക- 192499<br>ബിൽ. നം. 24150752028401661368/24.03.25<br>കരാറുകാരൻ- നിയാസ് ബാബു.കെ<br>കരാർ- 124/AE/MPD/LSGD/23-24 Dated 09.02.2024 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 163829<br>പൂർത്തീകരണകാലയളവ്-8 മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 19.02.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി - 18.10.2024<br>പൂർത്തീകരിച്ച തീയ്യതി- 20.03.2025 | വൈകിയത് - 5 മാസം 1 ദിവസം.<br>ഈടാക്കേണ്ട പിഴ - 3858/-<br>[19.10.2024 To 18.01.2025 = 1638<br>19.01.2025 To 20.03.2025 =3276x61/90= 2220] |
| 3 | 373/25, പാലപറമ്പ് സോമൻപടി പറച്ചോല റോഡ് പുനരുദ്ധാരണം (So)<br>TS–114525/2023/10.11.2023<br>₹200000<br>ചെലവ് തുക- 198843<br>ബിൽ. നം. 24150752028401535642/14.03.2025<br>കരാറുകാരൻ- മുഹമ്മദ് ഫൈസൽ.കെ<br>കരാർ- 63/AE/MPD/LSGD/23-24 Dated 15.12.2023 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 168867<br>പൂർത്തീകരണകാലയളവ്-8 മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 25.12.2023 | 6 മാസം 4 ദിവസം<br>ഈടാക്കേണ്ട പിഴ - 5218/-<br>[25.08.2024 To 24.11.2024 – 1689<br>25.11.2024 To 24.02.2025 -3377<br>05.02.25 To 28.02.25 =3377x4/89=152] |

| | | |
|---|---|---|
| | പൂർത്തീകരിക്കേണ്ട തീയ്യതി - 24.08.2024<br>പൂർത്തീകരിച്ച തീയ്യതി- 28.02.2025 | |
| 4 | 430/25, കങ്കണകോട് സാജൻപടി റോഡ് റീടാറിംഗ് (So)<br>TS–134135/2023/08.02.2024<br>₹200000<br>ചെലവ് തുക- 198819<br>ബിൽ. നം. 24150752028401661415/24.03.2025<br>കരാറുകാരൻ- മുഹമ്മദ് ഫൈസൽ.കെ<br>കരാർ- 165/AE/MPD/LSGD/23-24 Dated 16.03.2024 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 169074<br>പൂർത്തീകരണകാലയളവ്-7 മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 26.03.2024<br>പൂർത്തീകരിക്കേണ്ട തീയ്യതി - 25.10.2024<br>പൂർത്തീകരിച്ച തീയ്യതി- 19.03.2025 | 4 മാസം 23 ദിവസം<br>ഈടാക്കേണ്ട പിഴ - 3682/-<br>[26.10.2024 To 25.01.2025 – 1691<br>26.01.2025 To 19.03.2025 – 3381x53/90= 1991] |
| 5 | 366/25, ആസാദ്ഷടി രാജീവ് കോളനി റോഡ് റീടാറിംഗ് (So)<br>TS–101640/2023/21.10.2023<br>₹200000<br>ചെലവ് തുക- 198847<br>ബിൽ. നം. 24150752028401661417/24.03.2025<br>കരാറുകാരൻ- മുഹമ്മദ് ഫൈസൽ.കെ<br>കരാർ- 66/AE/MPD/LSGD/23-24 Dated 15.12.2023 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 168852<br>പൂർത്തീകരണകാലയളവ്-9 മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 25.12.2023<br>പൂർത്തീകരിക്കേണ്ട തീയ്യതി- 24.09.2024<br>പൂർത്തീകരിച്ച തീയ്യതി- 20.03.2025 | 5 മാസം 24 ദിവസം<br>ഈടാക്കേണ്ട പിഴ- 4916/-<br>[25.09.2024 To 24.12.2024 – 1689<br>25.12.2024 To 20.03.2025 -3227 3377x86/90] |
| 6 | 455/25, പന്തലിങ്ങൽ പി.എച്.സി സബ്സെന്റർ പുനരുദ്ധാരണം(So)<br>TS–95956/2022/13.12.2022<br>₹150000<br>ചെലവ് തുക- 148815<br>ബിൽ. നം. 24150752028401661417/24.03.2025 | 1വർഷം 1 മാസം 3 ദിവസം<br>ഈടാക്കേണ്ട പിഴ- 9782/-<br>[21.02.2024 To 20.05.2024 – 1271<br>21.05.2024 To 20.08.2024 - 2542<br>21.08.2024 To 20.11.2024 -2542<br>21.11.2024 To 20.02.2025 - 2542 |

| | | |
|---|---|---|
| | കരാറുകാരൻ- മുഹമ്മദ് ഫൈസൽ.കെ<br>കരാർ- 66/AE/MPD/LSGD/23-24 Dated 15.12.2023 (എസ്റ്റിമേറ്റ് നിരക്ക്)<br>PAC – 127085<br>പൂർത്തീകരണകാലയളവ്-10മാസം<br>സൈറ്റ് കൈമാറിയ തീയ്യതി- 21.04.2023<br>പൂർത്തീകരിക്കേണ്ട തീയ്യതി- 20.02.2024<br>പൂർത്തീകരിച്ച തീയ്യതി- 23.03.2025 | 21.02.2025 To 23.03.2025 - 885] |
| | ആകെ തുക | 32163 |

ക്രമ നം.1പ്രവൃത്തി മണ്ണിന്റെ ലഭ്യതക്കുറവ് മൂലമാണ് വൈകിയതെന്നാണ് മറുപടി നൽകിയത്. ഇത്തരം കാര്യങ്ങൾ മുൻകൂട്ടി കണ്ട്കൊണ്ട് തന്നെയാണ് കരാർ ഏറ്റെടുക്കുന്നത് എന്നതിനാൽ ആയത് അംഗീകരിക്കാവുന്നതല്ല. ക്രമ നം. 2,3,4,5,6 പ്രവത്തികളിൽ ജൽ ജീവൻ മിഷൻ പദ്ധതി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് വരാൻ താമസിച്ചതിനാലും ലോകസഭാ ഇലക്ഷൻ വന്നതിനാലും കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും ആയത് കാണിച്ച് കരാറുകാരൻ അപേക്ഷ നൽകിയിരുന്നെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.26/24-25/21.07.25) മറുപടി ലഭ്യമാക്കിയെങ്കിലും ആവശ്യമായ പൂർത്തീകരണ കാലയളവ് നൽകിയിട്ടുള്ളതിനാലും മേൽ കാരണങ്ങൾ അറിയിച്ചുകൊണ്ട് കരാറുകാർ സമർപ്പിച്ച അപേക്ഷ ലഭ്യമാക്കിയിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാവുന്നതല്ല. പിഴ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 32,163/-രൂപ ഉത്തരവാദികളായ കരാറുകാരിൽ നിന്നോ പിഴ ഈടാക്കാതെ പണം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി അടവാക്കേണ്ടതാണ്.

## 1-30 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അവ ഗ്രാമസഭകളിൽ ചർച്ചക്ക് വയ്ക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ലും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ടെങ്കിലും, മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളും അവക്കുള്ള മറുപടികളും അടങ്ങുന്ന ഫയൽ/ഗ്രാമസഭ രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ, ഓഡിറ്റ് റിപ്പോർട്ടും ഇത് സംബന്ധിച്ച് ഭരണസമിതി ചേർന്നതും അതിലെ തീരുമാനവും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. ഗ്രാമ സഭാ നോട്ടീസിൽ ഇക്കാര്യം അജണ്ടയായി ചേർത്തിട്ടുമില്ല. ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഫയലിലോ രജിസറ്ററുകളിലോ ഇല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/14.07.25ന് ലഭ്യമാക്കിയ മറുപടി പ്രകാരം, മേലിൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-31 മാലിന്യ മുക്തം നവകേരളം-സ്നേഹാരാമം, പ്രവർത്തനമോ പരിപാലനമോ ഇല്ല.

സ.ഉ.(സാധാ) നം.1889/2023/LSGD തീയതി. 23-09-2023 പ്രകാരം, മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഗാർബേജ് വൾണറബിൾ പോയിന്റുകളോ അല്ലെങ്കിൽ മാലിന്യം കെട്ടിക്കിടക്കുന്നതോ ആയ പ്രദേശങ്ങൾ കണ്ടെത്തി സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന എൻ.എസ്.എസ് യൂണിറ്റിന് കൈമാറേണ്ടതാണ്. പച്ചത്തുരുത്ത് ചുമർചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, തണലിടം (വിശ്രമ സംവിധാനം) , അജൈവ

പാഴ്‌വസ്തുക്കൾ കൊണ്ടുള്ള ഇൻസ്റ്റലേഷൻ എന്നിങ്ങനെ വളണ്ടിയർമാരുടെ സർഗ്ഗാത്മകത കാഴ്ചവെക്കാൻ കഴിയുന്ന തരത്തിലുള്ള ആഘർഷണീയത പ്രസ്തുത സ്ഥലത്ത് കൊണ്ട് വരാൻ സാധിക്കേണ്ടതുമാണ്. ഇത്തരത്തിൽ ശുചീകരണം നടത്തി സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിന് ശുചിത്വ മിഷനിൽ നിന്ന് 5000 രൂപ ബന്ധപ്പെട്ട എൻ.എസ്.എസ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് വഴി നൽകുന്നതും അധികം വരുന്ന തുക തനത് ഫണ്ടിൽ നിന്നോ സ്പോൺസർഷിപ്പ് വഴിയോ കണ്ടത്തേണ്ടതുമാണ്.

സ്നേഹാരാമങ്ങൾക്കായുള്ള സ്ഥലം കണ്ടെത്തി ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ വൃത്തിയാക്കി എൻ.എസ്.എസ് യൂണിറ്റിന് കൈമാറേണ്ടതും പരിപാലനം ഉറപ്പാക്കുന്നതിന് ആയതിന്റെ ഉത്തരവാദിത്തം അസി. സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും എൻ.എസ്.എസ്-മായി സഹകരിച്ച് വാർഷിക പരിപാലനം ഉറപ്പാക്കേണ്ടതുമാണ്. സൗന്ദര്യവൽക്കരണത്തിനായി സ്പോൺസറെ കണ്ടത്തേണ്ടതും തനത് ഫണ്ട് ഉപയോഗപ്പെടുത്താവുന്നതുമാണ്. മോടി പിടിപ്പിക്കൽ, സൗന്ദര്യവൽക്കരണം, തുടങ്ങിയവക്കാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനാണ് ശുചിത്വ മിഷൻ ഫണ്ട് ഉപയോഗപ്പെടുത്താവുന്നത്.

ഗ്രാമപഞ്ചായത്തിലെ വാർഡ് 12ൽ തോട്ടിന്റക്കര പാലത്തിന് സമീപം റോഡ് വശത്ത് സ്നേഹാരാമം നിർമ്മിച്ച് നൽകിയതിന് വൗച്ചർ നം. 22400158/29.05.2024 പ്രകാരം 5000/- രൂപ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എൻ.എസ്.എസ് യൂണിറ്റിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ, ടി സ്ഥലത്ത് സർക്കാർ ഉത്തരവ് പ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്ന രീതിയിൽ ആയത് സജ്ജമാക്കുകയോ, ചുമതല അസി. സെക്രട്ടറിയെ ഏൽപ്പിക്കുകയോ, സ്പോൺസർഷിപ്പ് വഴിയോ എൻ.എസ്.എസ്-മായി സഹകരിച്ച് വാർഷിക പരിപാലനം ഉറപ്പാക്കുകയോ ചെയ്തതായി കാണുന്നില്ല. നിലവിൽ ആയത് പ്രവർത്തിക്കുന്നതായുമില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.12/14.07.25 നൽകിയതിൽ, ആയത് നിർമ്മിച്ചതായും നിലനിൽക്കുന്നതായും മറുപടി ലഭ്യമാക്കുകയും, പദ്ധതി നടപ്പിലാക്കിയ സ്ഥലം പുൽകാടും മറ്റും ആയി കണ്ടിരുന്നത് കാട് വെട്ടി പുല്ല് ചെത്തി വൃത്തിയാക്കിതായും പദ്ധതി പ്രകാരം നട്ടിരുന്ന കുറച്ച് ചെടികളും 23.07.2025ന് ഓഡിറ്റ് സൈറ്റ് പരിശോധന നടത്തിയതിൽ കാണാൻ കഴിഞ്ഞു. എന്നാൽ സർക്കാർ ഉത്തരവിൽ നിർദ്ദശിച്ച രീതിയിൽ, ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയോ തുടർപ്രവർത്തനങ്ങൾ എൻ.എസ്.എസ്-മായി സഹകരിച്ചോ സ്പോൺസർഷിപ്പ് വഴിയോ കൂടുതൽ ആകഷർണീയവും സ്നേഹാരാമം നിലനിന്ന് പോരുന്നതുമായ രീതിയിൽ ആക്കുകയോ ചെയ്തിട്ടില്ല. തുടർപരിപാലനവും നടപടികളും സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 നമ്പറില്ലാത്ത കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകിയത് - തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന സ്കൂളുകളിലെ നമ്പർ നൽകിയിട്ടില്ലാത്ത കെട്ടിടങ്ങൾക്ക് 2024-25ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നു.

1) 29.05.2024ന് എച്ച്.എം, ഗവ.യു.പി സ്കൂൾ, കാട്ടുമുണ്ട ഈസ്റ്റ് 2024-25 വർഷത്തേക്കുള്ള ഫിറ്റ്നസിനായി നൽകിയ അപേക്ഷയിൽ നമ്പറില്ലാത്ത കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകാൻ കഴിയില്ലെന്ന് അസി.എഞ്ചിനീയർ അറിയിച്ചതായി പറയുന്നു. എന്നാൽ 2024-25 വർഷത്തെ ഫിറ്റ് നസ് നൽകിയതായി കാണുന്നു. സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2) മമ്പാട് എ.എം.യു.പിസ്കൂളിന്റെ പ്ലിന്ത് ഏരിയ ഫിറ്റ്നസ് നൽകുന്നതിനുള്ളതും സഞ്ചയ സോഫ്റ്റ്‌വെയറിലുള്ളതും തമ്മിൽ വ്യത്യാസമുള്ളതുകൊണ്ട് മൂന്ന് മാസത്തിനകം ക്രമവൽക്കരണം നടത്തി സ്കൂളിന്റെ മുഴുവൻ കെട്ടിടങ്ങൾക്കും നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സ്കൂൾ മാനേജ്മെന്റ് 01.06.2024ന് സത്യവാങ്മൂലം അസി.എഞ്ചിനീയർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്കൂളിന് 2024-25 വർഷത്തേക്ക് ഫിറ്റ്നസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. സ്കൂളിന്റെ നമ്പറില്ലാത്ത മുഴുവൻ കെട്ടിടങ്ങളും റഗുലറൈസ് ചെയ്ത് നമ്പർ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

3) 2024-25 വർഷത്തേക്കുള്ള ഫിറ്റ്നസിനായി നൽകിയ അപേക്ഷയിൽ ഒരു കെട്ടിടത്തിന് നമ്പർ കാണാനില്ലാത്തതിനാൽ 2024-25 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലെന്നും ആയത് അനുവദിച്ച് തരണമെന്നും 01.06.2024ന് എച്ച്.എം, ജി.എൽ.പി.എസ്, നടുവക്കാട് സെക്രട്ടറിക്ക് അപേക്ഷ നൽകിയതായി കാണുന്നു. ഇതിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. നടുവക്കാട് ജി.എൽ.പി.എസ് ന് 2024-25 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/24-25/18.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നമ്പറില്ലാത്ത സ്കൂൾ കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-33 SSK വിശദമായ വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ, പ്രൊജക്ട് നം. 20/2025 - എസ്.എസ്.കെ വിഹിതം നൽകൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 8,00,000/- രൂപ, ബിൽ നം. 24150752009001214960/23.01.25

(വികസന ഫണ്ട് ജനറൽ) State Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ലെ ഖ 8.6. വിദ്യാഭ്യാസം, ക്രമ നം. (3), (4), (5) എന്നിവയിൽ എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവ പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം.

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. പഞ്ചായത്ത് വിഹിതം ₹ 8,00,000/- രൂപ എസ്.എസ്.കെ.യ്ക്ക് ലഭിച്ചതിന്റെ രസീതി ഹാജരാക്കിയിട്ടില്ല.

2. ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 18.06. 2024 ലെ സി.1/646./20204/ എസ്.എസ്.കെ./ എം.പി.എം. നമ്പർ കത്തു പ്രകാരം അറിയിച്ച മമ്പാട് ഗ്രാമ പഞ്ചായത്തിനുള്ള വിഹിതം നിശ്ചയിച്ചു കൊണ്ടുള്ള " LSG PLAN AND SHARE AS PER APPROVED AWPB 2024-25 " പ്രകാരം Financial Target 56,33,017 രൂപയും, അതിൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി നൽകേണ്ടിയിരുന്നത് 22,53,207 രൂപയായിരുന്നു. എന്നാൽ 8 ലക്ഷം രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്ത് വിഹിതം മുഴുവൻ നൽകിയിട്ടില്ലെങ്കിലും, ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.കെ. മലപ്പുറം 26.06. 2025 ലെ No.A-1649/25/SSK നമ്പർ കത്തു പ്രകാരം നൽകിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ, Financial Target ആയ 56,33,017 രൂപയും വിനിയോഗിച്ചതായി കാണിച്ചിരിക്കുന്നു. ഇത് എപ്രകാരം സാധ്യമായി എന്ന് വ്യക്തമാക്കേണ്ടതാണ്.

4.പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.

5. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

6. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവൃത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

7. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8. പ്രൊജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല. SSK ലഭ്യമാക്കിയ 26.06.25 ലെ വിനിയോഗസാക്ഷ്യപത്ര പ്രകാരം കൃത്യമായ വിനിയോഗ വിവരം ലഭ്യമല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1.

| ക്രമമ.നം | ഇനം | ഫിസിക്കൽ | ചെലവഴിച്ച തുക | LSG വിഹിതം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | BRC | 13 | 7,47,019 | 1,06,091 | മമ്പാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട BRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 2 | CRC | 13 | 4,53,089 | 64,348 | മമ്പാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട CRC യിലെ ഏത് കാലയളവിലെ എന്ത് ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന വിവരം ലഭ്യമല്ല |
| 3 | Free Text Book Primary | 2154 | 5,38,500 | 76,478 | മമ്പാട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്വളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| 4 | Free Text Book-UP | 1134 | 4,53,600 | 64,420 | മമ്പാട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്വളുകളിൽ എത്ര |

| | | | | | |
|---|---|---|---|---|---|
| | | | | | വിദ്യാർത്ഥികൾക്ക് എത്ര പുസ്തകങ്ങൾ വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല. |
| 5 | Uniform 2 Set Govt. School Only | 1929 | 11,57,400 | 1,64,374 | മമ്പാട് ഗ്രാമപഞ്ചായത്തിലെ ഏതല്ലാം സ്ഖളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് എത്ര യുണിഫോം വിതരണം ചെയ്തു എന്ന വിവരം ലഭ്യമല്ല |

. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 8,00,000/- രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു (ഓഡിറ്റ് എൻക്വയറി നം.13/14.07.25 – മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല

സ.ഉ.(കൈ) നം.84/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 , ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ തലങ്ങളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, പ്രോജക്ടുകളുടെ അടങ്കൽ തുകയെ കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തുക, പ്രോജക്ടുകളുടെ യുക്തി, ക്ഷമത, പ്രായോഗികത, അനുയോജ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുക, വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങിയതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനോടനുബന്ധിച്ച് ഒന്നോ രണ്ടോ യോഗങ്ങൾ ചേരുകയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതായ പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുകയും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും ഗുണമേൻമ ഉറപ്പ് വരുത്തേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ ഖണ്ഡിക-14 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിർവ്വഹണ ഘട്ടത്തിൽ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേൻമയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻ നിർത്തി മോണിറ്ററിംഗ് കമ്മിറ്റിക്ക് അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണോദ്യോഗസ്ഥന് നൽകാവുന്നതാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല എന്ന് കാണുന്നു. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിൽ മാത്രമാണ് മോണിറ്ററിംഗ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഉള്ളത്. പ്രാദേശിക സാമ്പത്തിക വികസനം വർക്കിംഗ് ഗ്രൂപ്പ് 2024-25ൽ ഒരു തവണ പോലും മീറ്റിംഗ് നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ചുമതലകൾ/ കടമകൾ നിർവ്വഹിക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.31/21.07.25 ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-35 തകരാറിലായ സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കലും പരിപാലനവും പദ്ധതി-അപാകതകൾ

**പ്രോജക്റ്റ് നം. 510/24** സ്ട്രീറ്റ് ലൈറ്റ് മാറ്റി സ്ഥാപിക്കലും പരിപാലനവും

വിനിയോഗിച്ച തുക – 500000 രൂപ (തനത് ഫണ്ട്)

വൗച്ചർ നം. 22401411/29.03.2025

നിർവ്വഹണം - സെക്രട്ടറി

മമ്പാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളലെ തകരാറിലായ തെരുവ് വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് പദ്ധതി പ്രകാരം നടത്തിയിട്ടുള്ളത്. ഇ- ടെണ്ടർ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കൊല്ലം എന്ന സ്ഥാപനം മുഖേന, മൂന്ന് വർഷ വാറണ്ടിയോടെ 24/25 W LED Street Light Automatic ഒന്നിന് 3050 രൂപ നിരക്കിലാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. 2000000 രൂപ അടങ്കലുള്ള ബഹു വർഷ പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം അനുവദിക്കാനവശേഷിക്കുന്ന തുക കെ.എസ്.ഇ.ബി-യുടെ

സൂപ്പർവിഷന് ശേഷം അനുവദിക്കുന്നതാണ് എന്ന് കാണിച്ച് തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥാപനത്തിന് SC1-414/25/30.06.2025 നമ്പർ കത്ത് നൽകിയിട്ടുണ്ട്. ആകെ 655 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി കാണിച്ച് ചുവടെ ചേർത്ത രണ്ട് ഇൻവോയ്സുകൾ മേൽ സ്ഥാപനം നൽകിയിട്ടുണ്ട്.

A) UEI/998/21.03.2025 Rs. 500000/- 164 എണ്ണം

B) UEI/182/24.06.2025 Rs. 1497552/- 491 എണ്ണം

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011 പ്രകാരം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

I) സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ എസ് ഐ മാർക്കുള്ളവയാകണം

Ii) കെ എസ് ഇ ബി നിരക്കിനെക്കാൾ ഉപകരണങ്ങളുടെ തുക അധികരിക്കുവാൻ പാടില്ല.

Iii) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങണം, കെ എസ് ഇ ബി യുടെ സൂപ്പർ വിഷനിൽ പ്രവർത്തികൾ ചെയ്യണം.

എന്നാൽ ആയവ പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2) ആകെ 655 എണ്ണം സ്ഥാപിച്ചതായി കാണിച്ചാണ് സ്ഥാപനം രണ്ട് ഇൻവോയ്സുകൾ സമർപ്പിച്ചിട്ടുള്ളത്. വിവിധ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾ പ്രകാരം 625 എണ്ണം മാത്രം സ്ഥാപിച്ചതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

625 എണ്ണം മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ എന്നതിനാൽ അധികമായി 30 എണ്ണത്തിന്റെ വില ടി സ്ഥാപനം ആവശ്യപ്പെട്ടതായി കാണുന്നുണ്ട്. സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി-യുടെ പരിശോധനയിലൂടെ/പൂർത്തീകരണ സാക്ഷ്യപത്രം വഴി ഉറപ്പാക്കിയിട്ടുമില്ല.

3) തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയതിന്റെ രേഖകൾ ഇല്ല. (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011).

4) ടെണ്ടർ പ്രകാരമുള്ള നിശ്ചിത വാട്ട് എൽ ഇ ഡി ഓട്ടോമാറ്റിക് ലൈറ്റുകളാണ് 3 വർഷ വാറണ്ടിയോടെ സ്ഥാപിച്ചത് എന്നത് ആയതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥനോ മോണിട്ടറിംഗ് സമിതിയോ സാക്ഷ്യപ്പെടുത്തിയിട്ടും ഇല്ല.

5) കെ എസ് ഇ ബി യുടെ ഇലക്ട്രിക് പോസ്റ്റിലാണ് പ്രവൃത്തി നടക്കുന്നത് എന്നതിനാൽ കെ എസ് ഇ ബി യുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടത്തേണ്ടിയിരുന്നത്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

6) കെ എസ് ഇ ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയ ശേഷം മാത്രമേ സപ്ലേ ഓർഡർ നൽകാവൂ എന്ന് സ.ഉ(സാധാ)നം.3140/2015/തസ്വഭവ തി.16.10.2015 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്.ആയത് പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും കെ.എസ്.ഇ.ബി ഡിവിഷനുകളിൽ നിന്നും(മമ്പാട്, തിരുവാലി) ലഭിച്ചിട്ടില്ല. കാരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച കെ എസ് ഇ ബി സാക്ഷ്യപത്രം കരാറുകാരനാണ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടത്. ആയത് ലഭ്യമാക്കിയിട്ടില്ല.

7) തെരുവ് വിളക്കുകൾക്ക് 3 വർഷ വാറണ്ടിയുള്ളതിനാൽ, വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കുന്നതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചിട്ടില്ല. പദ്ധതി മോണിറ്റിംഗ് നടത്തിയിട്ടുമില്ല.

അപാകതകൾ സൂചിപ്പിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/21.07.25-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും കെ.എസ്.ഇ.ബി-യിൽ നിന്നുള്ള രേഖകൾ ഉൾപ്പടെ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 500000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-36 SC വാട്ടർ ടാങ്ക് വിതരണം - 6250/-രൂപ അധികം സബ്സിഡി അനുവദിച്ചത് തിരികെ അടവാക്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പട്ടികയിൽ ചേർത്ത പദ്ധതി പ്രകാരം 36 SC കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്.

| പദ്ധതി, അടങ്കൽ | ബിൽ/വൗച്ചർ നം, ഫണ്ട് | വിതരണം ചെയ്ത ഇൻവോയ്സ്, മറ്റ് വിവരം |
|---|---|---|
| 248/24-25 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള ടാങ്ക് വിതരണം.<br>125000/- | (1) 24150752029201495545/11.03.2025<br>Rs. 100000/- വികസന ഫണ്ട് SCP.<br>(2) വൗച്ചർ നം 22401403/29.03.2025 | 2208/26.02.2025, മുംബൈ ട്രേഡേഴ്സ്, 36 എണ്ണം കുടിവെള്ള ടാങ്കുകൾ ഒന്നിന് 3500/- രൂപ നിരക്കിൽ നൽകി. (36x3500=126000, Limited To 125000/-) |

| | | |
|---|---|---|
| | Rs. 25000/- ഗുണഭോക്തൃ വിഹിതം. | |

ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.6.5 പ്രകാരം പട്ടികജാതി വിഭാഗങ്ങിലെ കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം ചെയ്യുമ്പോൾ 75% ആണ് സബ്സിഡി അനുവദിക്കാവുന്നത്. അസി. സെക്രട്ടറി കൈപ്പറ്റിയ രസീത് ബുക്ക് നം. 25802 ലെ രസീത് നം. 1 മുതൽ 16 വരെയായി 695 രൂപ വീതവും 17 മുതൽ 36 വരെയായി 694 രൂപയുമായി ആകെ 25000 രൂപയാണ് ഗുണഭോക്തൃ വിഹിതം ഈടാക്കി അടവാക്കിയത്. ബാക്കി 100000 രൂപ സബ്സിഡി ഇനത്തിൽ അടവാക്കുകയാണ് ചെയ്തത്.

യഥാർത്ഥത്തിൽ 125000 രൂപയുടെ 75% തുകയായ 93750 രൂപ മാത്രമായിരുന്നു സബ്സിഡി അനുവദിക്കാമായിരുന്നത്. ബാക്കി വരുന്ന 31250 രൂപ/36 = 868 രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതായിരുന്നു. 93750 രൂപ മാത്രം സബ്സിഡി അനുവദിക്കാവുന്നതിന് പകരം 100000 രൂപ സബസിഡി അനുവദിച്ചത് വഴി സർക്കാർ മാർഗ്ഗ രേഖക്ക് വിരുദ്ധമായി 6250/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 6250/-രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 33/21.07.2025 നൽകിയതിന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ 6,250/- രൂപ RG-100301-25002928/25.07.25 നമ്പർ രസീത് പ്രകാരം അടവാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - 30000 രൂപ അധികം അനുവദിച്ചു, മറ്റ് അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പട്ടികയിൽ ചേർത്ത പദ്ധതി പ്രകാരം SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| പദ്ധതി, അടങ്കൽ | ബിൽ നം, ഫണ്ട് | വിതരണം ചെയ്ത വിവരം |
|---|---|---|
| 247/24-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. 605000/- | (1) 241507520292012255575/25.01.2025 Rs. 405000/- വികസന ഫണ്ട് SCP. (2) 241507520292015826662/18.03.2025 Rs. 200000/- ജില്ലാ പഞ്ചായത്ത് വിഹിതം. | ആകെ 27 പേർക്ക് നൽകി |

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>(A) അനർഹമായി സ്കോളർഷിപ്പ് തുക അനുവദിച്ചു</u>

സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാറോ കേന്ദ്ര സർക്കാറോ, സർക്കാറുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള അക്കാദമിക് വർഷങ്ങളിൽ ഓരോ കോഴ്സിനും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

(1) മാർഗ്ഗ രേഖ പ്രകാരം, ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം, മെഡിക്കൽ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കാണ് 30000/- രൂപ സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ, വീക്ഷ എഡ്യുക്കേഷൻ കൊച്ചി എന്ന സ്വകാര്യ സ്ഥാപനത്തിന്റെ PG Logistics എന്ന ലോഗിസ്റ്റിക് മാനേജ്മെന്റ് കോഴ്സിന് പഠിക്കുന്ന, പ്രണവ് പി, S/O ബാലൻ എന്ന വിദ്യാർത്ഥിക്ക് പട്ടികയിലെ ക്രമനം. 1 ബിൽ പ്രകാരമുള്ള തുകയിൽ നിന്നും, ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം, മെഡിക്കൽ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് അനുവദിക്കാവുന്ന 30000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി 30000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) എം.ഇ.എസ് മമ്പാട് കോളേജിൽ നിന്നും അനുവദിച്ച, MES/MC/Cert/2023 തിയതി. 12.09.2023 നമ്പർ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം, വന്ദന സി, D/O ബാലകൃഷ്ണൻ എന്ന വിദ്യാർത്ഥിനി 2023-24 അക്കാദമിക് വർഷത്തിൽ BCA ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയാണ്. മേൽ സർട്ടിഫിക്കറ്റിൽ 2023-24 എന്നത് 2024-25 എന്നാക്കി തിരുത്തിയിട്ടുണ്ട് (സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ ഉള്ളതിനാൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല). 12.09.2023ലെ സർട്ടിഫിക്കറ്റ് ആയതിനാൽ ആയത് 2023-24 അക്കാദമിക് വർഷത്തിൽ അനുവദിച്ചതായിരുന്നു എന്നത് വ്യക്തമാണ്. 2023-24ൽ ആറാം സെമസ്റ്റർ

വിദ്യാർത്ഥിനി ആയിരുന്നെങ്കിൽ ആ അക്കാദമിക് വർഷത്തിൽ തന്നെ ടിയാൾ കോഴ്സ് കഴിഞ്ഞിട്ടുണ്ടാവുന്നതാണ്.

(B) ഗുണഭോക്തൃ ലിസ്റ്റിലെ ക്രമപ്രകാരമല്ലാതെ സ്കോളർഷിപ്പ് അനുവദിച്ചു.

ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. 10 ആയി ഉൾപ്പെട്ട അഖില ഗോപാലൻ പി എന്ന വിദ്യാർത്ഥിനിക്ക് ഒഴികെ, ക്രമ നം. 1 മുതൽ 27 വരെയുള്ളവർക്കും ക്രമ നം. 34 ആയ അഖില ടി.കെ D/O മനോഹരൻ തെക്കുടിയൻ എന്ന വിദ്യാർത്ഥിനിക്കുമാണ് 2024-25 വർഷത്തിൽ സ്കോളർഷിപ്പ് അനുവദിച്ചത്. ഇപ്രകാരം ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം. 10 ആയ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് അനുവദിക്കാതെ ക്രമ നം. 34 ആയ വിദ്യാർത്ഥിനിക്ക് അനുവദിച്ചതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/21.07.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ A (2) ൽ പരാമർശിച്ച ശ്രീമതി വന്ദനയുടെ യഥാർത്ഥ കോഴ്സ് സാക്ഷ്യപത്രം ഹാജരാക്കുകയും ക്രമ നമ്പർ (B) അപാകത പേരിലെ സാമ്യം കാരണം സംഭവിച്ച പിഴവ് ആണെന്നും മനഃപൂർവ്വം ചെയ്തതല്ലെന്നും വ്യക്തമാകും. ക്രമ നമ്പർ A (1) ൽ പരാമർശിച്ച വീക്ഷ എന്ന സ്ഥാപനം STED Council അംഗീകാരമുള്ളതാണെന്നും വ്യക്തമാക്കി. ക്രമ നമ്പർ A (2) B അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ A (1) പ്രകാരമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന, വീക്ഷ എഡ്യൂക്കേഷന്റെ കോഴ്സ് സർക്കാർ മാർഗ്ഗ രേഖയിൽ പരാമർശിച്ച തരം ബിരുദാനന്തര ബിരുദമോ ആയതിന് ശേഷമുള്ള ഗവേഷണമോ മെഡിക്കൽ പഠനമോ അല്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അനർഹമായി അനുവദിച്ച 30000 രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-38 ലാപ്ടോപ്പ് വിതരണം - വാറണ്ടി ഉറപ്പാക്കിയില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പട്ടികയിൽ ചേർത്ത രണ്ട് പദ്ധതികൾ പ്രകാരം SC, ST വിദ്യാർത്ഥികൾക്ക് ജെം വഴി ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതി | ബിൽ, ഫണ്ട്, ഇൻവോയ്സ് നം., സ്ഥാപനം | വിതരണം ചെയ്ത ലാപ്ടോപ്പ് വിവരം |
|---|---|---|---|
| 1 | 246/24-25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 24150752029201255759/31.01.2025<br>Rs. 230400/- വികസന ഫണ്ട് TSP,<br>MONCLT24-15/105/02.01.25, Monarch Systems, Kozhikkode | 6 എണ്ണം.<br>Acer TravelLite TL-14-52M,<br>I3/8GB/512 SSD/14 Inch |
| 2 | 245/24-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 24150752029201255762/31.01.2025<br>Rs. 499200/- വികസന ഫണ്ട് SCP,<br>MONCLT24-15/104/02.01.25, Monarch Systems, Kozhikkode | 13 എണ്ണം.<br>Acer TravelLite TL-14-52M,<br>I3/8GB/512 SSD/14 Inch |

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ക്രമ നം. 1 പദ്ധതി പ്രകാരം ലാപ്ടോപ്പുകൾ കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതി വകുപ്പിൽ നിന്നും മുൻപ് ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഉത്തരവിലെ അനുബന്ധം 4, ലാപ്ടോപ്പുകളുടെ സ്പെസിഫിക്കേഷനിൽ പരാമർശിച്ചത് പ്രകാരം ലാപ്ടോപ്പുകൾക്ക് ബാറ്ററി, ചാർജ്ജർ ഉൾപ്പടെ 3 വർഷ വാറണ്ടി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ രണ്ട് പദ്ധതികൾ പ്രകാരമുള്ള ലാപ്ടോപ്പുകളും എയ്സർ കമ്പനി വെബ്സൈറ്റിൽ ലാപ്ടോപ്പുകളുടെ Product ID വെച്ച് (വിതരം ചെയ്ത വകയിൽ ഒന്ന് നേരിട്ട് ഹാജരാക്കി) വാറണ്ടി പരിശോധിച്ചതിൽ, ലാപ്ടോപ്പുകളുടെ ചാർജ്ജറിനും ബാറ്ററിക്കും ഒരു വർഷ വാറണ്ടി മാത്രമാണ് ഉള്ളത് എന്ന് കണ്ടെത്തി.

3) ലാപ്ടോപ്പ് കൈപ്പറ്റിയ വിദ്യാർത്ഥികൾക്ക് ആയതിന്റെ 3 വർഷ ഫുൾ വാറണ്ടി ലഭ്യമാകുന്നതിന് ആയത് സംബന്ധിച്ച രേഖകൾ, ഇൻവോയ്സ് പകർപ്പ്/വാറണ്ടി കാർഡ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച വിശദാംശം അറിയുന്നതിന് ലാപ്ടോപ്പ് കൈപ്പറ്റിയ രണ്ട് വിദ്യാർത്ഥികളെ ഓഡിറ്റ് ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിൽ, ടിയാളുകൾക്ക് വാറണ്ടി സംബന്ധിച്ച വിവരം അറിയില്ല എന്നാണ് വ്യക്തമാക്കിയത്.

4) ഇൻവോയ്സ്/സർക്കാർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പുകൾ തന്നെയാണ് ലഭ്യമായി വിതരണം ചെയ്തത് എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ ടെക്നിക്കൽ അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശിച്ച വാറണ്ടിയോടെയല്ലാതെയുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്തതു വഴി സർക്കാർ നിർദ്ദേശം ലംഘിക്കുന്നതോടൊപ്പം ചെലവ് തുകക്കുള്ള പൂർണ്ണ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാതിരിക്കുന്നതിനു കാരമണായി. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, വിതരണം ചെയ്ത

ലാപ്ടോപ്പുകളുടെ ചാർജ്ജറിനും ബാറ്ററിക്കും ഉൾപ്പടെ വാറണ്ടി പൂർണ്ണമായും 3 വർഷത്തേക്ക് ആക്കി ദീർഘിപ്പിച്ച് അക്കാര്യം ഗുണഭോക്താക്കളെ അറിയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 35/21.07.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 1, 4 എന്നിവക്ക് രേഖകൾ ഹാജരാക്കി. ക്രമ നമ്പർ 2,3 എന്നിവക്ക് ലാപ്ടോപ്പ് ചാർജർ ഉൾപ്പെടെ 3 വർഷ വാറണ്ടി GEM ൽ ഉള്ളതായും വിദ്യാർത്ഥികൾക്ക് വാറണ്ടി കാർഡ് വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതുമാണ്)

## 1-39 ആധികാരകത ഉറപ്പ് വരുത്താനാവാത്ത കോഴ്സ് സർട്ടിഫിക്കറ്റുകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പട്ടികയിൽ ചേർത്ത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നത്, സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4, 7.2.7 എന്നിവ പ്രകാരം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്.

| ക്രമ നം | പദ്ധതി വിവരം |
|---|---|
| 1 | 247/24-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| 2 | 518/24-25 പട്ടിക വർഗ്ഗ വിദ്യാർത്തികൾക്ക് സ്കോളർഷിപ്പ് |
| 3 | 245/24-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ. |
| 4 | 246/24-25 പട്ടിക വർഗ്ഗ വിദ്യാർത്തികൾക്ക് ലാപ്ടോപ്പ് വാങ്ങൽ |

മേൽ പദ്ധതികളുടെ ഗുണഭോക്താക്കളായ ചില വിദ്യാർത്ഥികൾ അപേക്ഷയുടെ കൂടെ സമർപ്പിച്ച സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിലെ/കോഴ്സ് സർട്ടിഫിക്കറ്റുകളിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതും പരസ്പരം പൊരുത്തപ്പെടാത്തവയുമാണ്. സർട്ടിഫിക്കറ്റുകൾ ഒരേ നമ്പറിലുള്ളവയായതിനാൽ ടി വിദ്യാർത്ഥികളുടെ കോഴ്സ് സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | പേര്, അനുവദിച്ച ആനുകൂല്യം, പദ്ധതി | സർട്ടിഫിക്കറ്റ് നം | അനുവദിച്ച സ്ഥാപനം | അപാകത |
|---|---|---|---|---|
| 1 | തീർത്ഥ കെ, Rs. 20000/-, പദ്ധതി നം. 247/24-25 സ്കോളർഷിപ്പ് | MES/MC/Cert/2024 | എം.ഇ.എസ് മമ്പാട് കോളേജ് | സർട്ടിഫിക്കറ്റിൽ കോഴ്സിന്റെ പേര് Meditorial Scholarship എന്നാണ് രേഖപ്പെടുത്തിയത്. തിയതി രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ദീപ്തി എം.ആർ, ലാപ്ടോപ്പ്. പദ്ധതി നം. 246/24-25 | MES/MC/Cert/2024 | എം.ഇ.എസ് മമ്പാട് കോളേജ് | സർട്ടിഫിക്കറ്റിൽ കോഴ്സിന്റെ പേര് 'Lap Top' എന്നാണ് രേഖപ്പെടുത്തിയത്. തിയതി രേഖപ്പെടുത്തിയിട്ടില്ല. അക്കാദമിക് വർഷം 2022-25 ആണ് രേഖപ്പെടുത്തിയത്. |
| 3 | വൈഷ്ണവ് കെ, Rs. 20000/-, പദ്ധതി നം. 247/24-25 സ്കോളർഷിപ്പ് | MES/MC/Cert/2024 | എം.ഇ.എസ് മമ്പാട് കോളേജ് | തിയതി രേഖപ്പെടുത്തിയിട്ടില്ല, അക്കാദമിക് വർഷം 2023-25 ആണ് രേഖപ്പെടുത്തിയത്. |
| 4 | കൃഷ്ണേന്ദു കെ, Rs. 30000/-, പദ്ധതി നം. 247/24-25 സ്കോളർഷിപ്പ് | MES/MC/Cert/2024 | എം.ഇ.എസ് മമ്പാട് കോളേജ് | തിയതി രേഖപ്പെടുത്തിയിട്ടില്ല, അക്കാദമിക് വർഷം 2024-26 ആണ് രേഖപ്പെടുത്തിയത്. |

| | | | | |
|---|---|---|---|---|
| 5 | വൈഷ്ണ വി, Rs. 20000/-, പദ്ധതി നം. 247/24-25 സ്കോളർഷിപ്പ് | MES/MC/Cert/2024 | എം.ഇ.എസ് മമ്പാട് കോളേജ് | തിയതി രേഖപ്പെടുത്തിയിട്ടില്ല, അക്കാദമിക് വർഷം 2024-28 ആണ് രേഖപ്പെടുത്തിയത്. |

ഓരോ വർഷത്തെയും പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കേണ്ടത് അതത് വർഷം ടി വിദ്യാർത്ഥി പഠിച്ച് കൊണ്ടിരിക്കുന്നുണ്ടോ എന്നത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആകണമെന്നിരിക്കെ, സർട്ടിഫിക്കറ്റിൽ കോഴ്സ് കാലാവധി വർഷം അക്കാദമിക് വർഷമായി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ആനുകൂല്യം അനുവദിക്കുന്ന വർഷത്തിൽ വിദ്യാർത്ഥി പഠനം നടത്തികൊണ്ടിരിക്കുന്നുണ്ട് എന്നത് ഉറപ്പ് വരുത്താനാവില്ല.

ആധികാരികമായ കോഴ്സ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലല്ലാതെ സ്കോളർഷിപ്പും ലാപ്ടോപ്പും അനുവദിച്ചതുൾപ്പടെയുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മേൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പാക്കുന്നതിന് സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രമോ മറ്റ് രേഖകളോ ഹാജരാക്കേണ്ടതുമാണ്. എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 36/21.07.2025 ന് ലഭ്യമാക്കിയ മറുപടിയുടെ കൂടെ മേൽ 5 വിദ്യാർത്ഥികളുടെയും പുതുക്കിയ കോഴ്സ് സർട്ടിഫിക്കറ്റുകൾ അധികാരിയില്ലാത്തവ ഹാജരാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-40 ബഡ്സ് സ്കൂളിലേക്കുള്ള 3,02,313 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായില്ല- വാങ്ങൽ, സ്റ്റോക്ക് അപാകതകൾ

നിർവ്വഹണം - അസി. സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിലേക്ക് ഫർണ്ണിച്ചറുകളും, റഫ്രിജറേറ്റർ, ഗ്യാസ് സ്റ്റൗ, കുക്കർ, പാത്രങ്ങൾ ഉൾപ്പടെയുള്ള വിവിധ അടുക്കള ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പദ്ധതിയുടെ നിർവ്വഹണത്തിലും, പദ്ധതികൾ പ്രകാരം ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കെടുത്ത് പരിപാലിക്കുന്നതിലും അപാകതകൾ കണ്ടെത്തി. പദ്ധതി വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പദ്ധതി, ഫണ്ട്, ചെലവ് വിവരം | വിതരണം ചെയ്ത സ്ഥാപനം, ഇൻവോയ്സ് |
|---|---|
| 525/2024-25- ബഡ്സ് സകൂളിലേക്ക് ഫർണ്ണിച്ചർ, പഠനോപകരണങ്ങൾ, സഹായ ഉപകരണങ്ങൾ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ, കളിയുപകരണങ്ങൾ എന്നിവ വാങ്ങൽ.<br>അടങ്കൽ-21,80,000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>ചെലവ്-602601/-<br>വൗച്ചർ നം. 22401402 Rs. 592361 (22401398 Rs. 5120, 22401399 Rs. 5120 -GST) Dtd. 29.03.2025 | (1) ആർട്ട്കോ കോഴിക്കോട്, ഇൻവോയ്സ് നം. 2024-25/KKD 828/29.03.2025 Rs. 130838 – അടുക്കള ഉപകരണങ്ങൾ വാങ്ങിയത്<br>(2) ആർട്ട്കോ കോഴിക്കോട്, ഇൻവോയ്സ് നം. 2024-25/KKD 826/29.03.2025 Rs. 471763 – ഫർണ്ണിച്ചറുകൾ വാങ്ങിയത്. |

പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിലും, ലഭ്യമായ സാധനങ്ങൾ സൂക്ഷിക്കുന്ന ബഡ്സ് സ്കൂളിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 21.07.2025ന് ഓഡിറ്റ് നേരിട്ട് നടത്തിയ സ്റ്റോക്ക് പരിശോധനയിലും, ഉപകരണങ്ങൾ ലഭ്യമാകുന്നതിന് മുൻപ് തന്നെ ഇൻവോയ്സ് ലഭ്യമാക്കി ആർട്ട്കോ-ക്ക് മുൻകൂർ പണം അനുവദിച്ചതായും **3,02,313.73 രൂപയുടെ** ഉപകരണങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്നും ലഭ്യമായവ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്തിട്ടില്ല എന്നതുൾപ്പടെയുള്ള അപാകതകൾ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ലഭ്യമായ അടുക്കള ഉപകരണങ്ങൾ 09.06.2025നും ഫർണ്ണിച്ചറുകൾ 04.07.2025, 17.07.2025നും ലഭ്യമായതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. ഉപകരണങ്ങളുടെ ഡെലിവറി ചലാനോ മറ്റോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് റൂൾ 140 മുതൽ 154 വരെ പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ ലഭ്യമായി ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത ശേഷമാണ് തുക അനുവദിക്കാവുന്നത്. ചില സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകാൻ സർക്കാർ അനുവദിച്ചവയിൽ ഉൾപ്പെടാത്ത ആർട്ട്കോ-ക്ക്, ഉപകരണങ്ങൾ ലഭ്യമായി സ്റ്റോക്കിലെടുക്കാതെ 29.03.2025ന് തുക അനുവദിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

2) സ.ഉ(സാധാ)നം.4/2025/എസ്.പി.ഡി തിയതി.11.03.2025 പ്രകാരം ആർട്ടകോ-യിൽ നിന്നും നേരിട്ട് വാങ്ങാവുന്നതായുള്ള ഉപകരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത ഉപകരണങ്ങൾ വാങ്ങുമ്പോൾ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ ആർട്ട്കോ-യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന

ഉപകരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത, മുകളിലെ പട്ടികയിലെ ക്രമനം. 1 ഇൻവോയ്സ് പ്രകാരമുള്ള അടുക്കള ഉപകരണങ്ങൾ വാങ്ങിയതിന്റെ ടെണ്ടർ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ ആർട്ട്കോ-യിൽ നിന്ന് 1,30,838 രൂപയുടെ അടുക്കള ഉപകരണങ്ങൾ നേരിട്ട് വാങ്ങിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

3) ക്രമ നം. 2 ഇൻവോയ്സ് പ്രകാരമുള്ള ഫർണ്ണിച്ചറുകൾ വാങ്ങിയതിൽ Armless Chair (Branded) – 50 എണ്ണം ഫൈബർ (@ Rs. 29950.17) , Visitors Chair 14 എണ്ണം(@ Rs. 79296) എന്നിവ ആർട്ട്കോ-യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്തവയാണ്. ഇവ വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കാതെ ആർട്ട്കോ-യിൽ നിന്ന് നേരിട്ട് വാങ്ങിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

4) സ്റ്റോക്ക് പരിശോധന നടത്തിയതിൽ ചുവടെ ചേർത്ത അടുക്കള ഉപകരണങ്ങളും ഫർണ്ണിച്ചറുകളും നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം | ഇൻവോയസ് നം | ലഭ്യമാവാത്ത ഉപകരണം/ ഫർണ്ണിച്ചർ | ഒരെണ്ണം വില (Incl. GST) | എണ്ണം | ആകെ വില |
|---|---|---|---|---|---|
| 1 | ആർട്ട്കോ കോഴിക്കോട്, ഇൻവോയ്സ് നം. 2024-25/KKD 828/29.03.2025 Rs. 130838 – അടുക്കള ഉപകരണങ്ങൾ വാങ്ങിയത് | B132 Refrigerator 210 Ltr | 31624 | 1 | 31624 |
| 2 | | Ceiling Fan BLDC | 4012 | 4 | 16048 |
| 3 | | Cheenichattukam Big | 1624 | 1 | 1624 |
| 4 | | Aluminium Bucket | 537 | 1 | 537 |
| 5 | | Manvetti | 542 | 1 | 542 |
| 6 | ആർട്ട്കോ കോഴിക്കോട്, ഇൻവോയ്സ് നം. 2024-25/KKD 826/29.03.2025 Rs. 471763 – ഫർണ്ണിച്ചറുകൾ വാങ്ങിയത്. | Steel Cabinet With Locker 4 Shelves 78''X36''X19'' (20G) | 1147.78 | 6 | 68824.68 |
| 7 | | SS Dining Table With Granite Top Size 150x90x75 | 15618.48 | 4 | 62473.92 |
| 8 | | Steel Table With 3 Drawer On Right Side Or One Drawer And One Cup Board With 18mm Novapan Top 48''X28''X30'' (20G) | 6415.66 | 3 | 19246.98 |
| 9 | | Executive Table Particle Board 1M2 By Using Good Quality Laminated 18mm Particle Board, Including Drawer And Cupboard, With Sliding Keyboard, File Manager, Steel Handle Provision For CPU/UPS With Lock And Key Of Size 1.125 M2 Rate | 11696.15 | 7.200 MSqr | 84212.35 |
| 10 | | Steel Bench With CR Pipes And Top With Rubwood 180x30x45 Cm | 3620.24 | 2 | 7240.48 |
| 11 | | Steel Plain Desk With CR Pipes And RW Top - 180x40x75 Cm | 4970.16 | 2 | 9940.32 |
| **ലഭ്യമാവാത്ത ഉപകരണങ്ങളുടെ ആകെ വില** | | | | | **3,02,313.73** |

5) ക്രമ നം. 4 ലെ പട്ടികയിലെ ക്രമ നം. 10 പ്രകാരമുള്ള ബെഞ്ച് 12 എണ്ണത്തിന്റെ വില നൽകിയെങ്കിലും 10 എണ്ണം മാത്രമാണ് ലഭ്യമായത്. ഇൻവോയ്സ് പ്രകാരം 180x30x45 Cm ആണ് സൈസ്. എന്നാൽ 180x28x45 Cm സൈസിലുള്ളവയാണ് ലഭ്യമായത്.

6) ക്രമ നം. 4 ലെ പട്ടികയിലെ ക്രമ നം. 11 പ്രകാരമുള്ള ഡെസ്ക് 12 എണ്ണത്തിന്റെ വില നൽകിയെങ്കിലും 10 എണ്ണം മാത്രമാണ് ലഭ്യമായത്. ഇൻവോയ്സ് പ്രകാരം 180x40x45 Cm ആണ് സൈസ്. എന്നാൽ 180x37x75 Cm സൈസിലുള്ളവയാണ് ലഭ്യമായത്.

7) ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ തന്നെയാണ് വിതരണം ചെയ്തത് എന്നത് ഉറപ്പാക്കിയിട്ടില്ല. ഇൻവോയ്സിൽ സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 43ൽ ചേർത്തതായി രേഖപ്പെടുത്തിയത് പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഇഷ്യു രജിസ്റ്ററിൽ ഇൻവോയ്സ് പകർപ്പ് പതിച്ചതായി കണ്ടു. ലഭ്യമാകാത്ത ഉപകരണങ്ങൾ ഉൾപ്പടെ എപ്രകാരമാണ് സ്റ്റോക്ക്/ഇഷ്യു രേഖപ്പെടുത്തൽ നടത്തിയതെന്ന് വ്യക്തമാക്കേണ്ടതാണ്.

8) നിശ്ചിത രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകളിൽ ഉപകരണങ്ങളുടെ പൂർണ്ണ വിവരങ്ങൾ ചേർത്ത് അല്ല ബഡ്സ് സ്കൂളിലെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതെന്നും സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ചാർജ്ജുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ലെന്നും വ്യക്തമായി. ഇതിൽ പേപ്പർ, പേന ഉൾപ്പടെ നിത്യോപയോഗ സാധനങ്ങൾ അടക്കം രേഖപ്പെടുത്തുന്നുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് പരാമർശിക്കുന്ന Form 18 രീതിയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ ചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല.

9) അഞ്ച് വർഷത്തോളവും അതിലധികവും വാറണ്ടി ലഭിക്കുന്ന ഗ്യാസ് സ്റ്റൗ, കുക്കർ ഉൾപ്പടെയുള്ള ഉപകരണങ്ങളുടെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല. വാറണ്ടി സംബന്ധിച്ച രേഖകൾ/രേഖപ്പെടുത്തലുകൾ ഇൻവോയ്സിലോ സ്റ്റോക്ക് രജിസ്റ്ററിലോ മറ്റോ ഇല്ല.

10) പദ്ധതി സംബന്ധിച്ച 13.02.2025ലെ 4/10 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം കുടുംബശ്രീയിൽ നിന്നും അനുവദിച്ച 21,80,000 രൂപയിലെ ആദ്യ ഘഡുവായ 654000 രൂപ, സാമ്പത്തിക വർഷം അവസാനിക്കാറായ സാഹചര്യത്തിലും മറ്റും വേഗത്തിൽ ചെലവഴിക്കേണ്ടതിനാലും അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയ കെട്ടിടത്തിലേക്ക് ബഡ്സ് സ്കൂളിന്റെ പ്രവർത്തനം മാറേണ്ടതിനാലും ഉപകരണങ്ങൾ ടെണ്ടർ കൂടാതെ ആർട്ട്കോ-യിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം നാളിതുവരെ പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടില്ല, പകൽ വീട് കെട്ടിടത്തിലാണ് ആയത് പ്രവർത്തിക്കുന്നത്. മാത്രമല്ല സർക്കാർ ഉത്തരവിന് വിരുദ്ധമായി എല്ലാ ഉപകരണങ്ങളും നേരിട്ട് വാങ്ങുന്നതിന് തീരുമാനം എടുത്തത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/22.07.2025ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഭരണസമിതിയുടെ 01/03/2025 ലെ 1/1 തീരുമാനപ്രകാരം Artco ൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതിയില്ലാത്ത ഉപകരണങ്ങൾ ക്വട്ടേഷൻ നടപടികളുടെ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനെ ചുതതലപ്പെടുത്തിയതായും. 29/03/2025 ലെ 3/3 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം അടുക്കള ഉപകരണങ്ങൾ, കളിയുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിൽ കുറഞ്ഞ വില കോട്ട് ചെയ്ത Artco യുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശ ഭരണ സമിതി അംഗീകരിച്ചതായും, Visitors Chair, ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങുന്നവയിൽ ഉൾപ്പെട്ടവയാണെന്നും സ്റ്റോക്ക് പരിശോധനയിൽ കാണാത്ത ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ ശരിയല്ലാത്തതിനാൽ തിരിച്ചടച്ചതാണെന്നും (അപാകത ക്രമ നമ്പർ 4,5,6,7 എന്നിവയിൽ പരാമർശിച്ചവ) ഉപകരണങ്ങൾ വാറണ്ടിയുൾപ്പെടെ Form 18 രീതിയിൽ സ്റ്റോക്കിൽ എടുത്തതായും അറിയിച്ചു.

എന്നാൽ ഉപകരണങ്ങൾ ക്വട്ടേഷൻ നടപടിയിലൂടെ/ടെണ്ടർ നടപടിയിലൂടെ വാങ്ങിയതിന്റെ യാതൊരു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2024-25 വർഷത്തിൽ Artco യിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഉപകരണങ്ങളുടെ ലിസ്റ്റിൽ ഒരു ചെയറിന് 5664 രൂപ വിലയുള്ള Visitors Chair ഉൾപ്പെട്ടിട്ടില്ല. (GO (Rt.) No. 20/2023/SPD/24.02.2023). സ്റ്റോക്ക് പരിശോധനയിൽ കാണാത്ത ഉപകരണങ്ങൾ എല്ലാം Specification തെറ്റായതിനാൽ തിരിച്ചടച്ചതാണെങ്കിൽ ആയവ ഇറക്കിയിരുന്നതിന്റെ ഡെലിവറി ചലാൻ, ഇൻവോയ്സ്, ട്രാൻസ്പോർട്ടേഷന്റെ ഇ-പേ പാസ് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ മേൽ രേഖകൾ ഹാജരാക്കുകയോ ഉപകരണങ്ങൾ പരിശോധിച്ച് ഉറപ്പാക്കി സ്റ്റോക്കിൽ എടുത്ത ശേഷം മാത്രമെ തുക അനുവദിക്കാവു എന്ന കെ.എഫ്.സി. റൂൾ പാലിച്ചതായോ കാണുന്നില്ല. ഉപകരണങ്ങൾ കെ.എഫ്.സി. ഫോം 18 രീതിയിൽ സ്റ്റോക്കിലെടുത്തു എന്ന് പറയുന്നുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ലഭ്യമാക്കിയ മറുപടികൾ അംഗീകരിക്കുന്നില്ല. അപാകതകൾക്ക് ക്രമയാത്മക നടപടികൾ സ്വീകരിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നടത്തിയ വാങ്ങലിന് സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും ലഭ്യമാക്കാനവശേഷിക്കുന്ന ഫർണ്ണിച്ചറുകളും മറ്റ് ഉപകരണങ്ങളും താമസംവിനാ ലഭ്യമാക്കുകയും ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ആയത് വരെ അപാകത ക്രമ നം. 2 പ്രകാരമുള്ള 1,30,838 രൂപ (ഇതിൽ 50375 രൂപയുടെ അടുക്കള ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ കൂടി-അപാകത 4ലെ ക്രമ നം.5 വരെ), ക്രമ നം. 3 അപാകത പ്രകാരമുള്ള 109246 (Rs. 29950 + Rs. 79296) രൂപയും, ഇൻവോയ്സ് നം. 2024-25/KKD 826/29.03.2025 പ്രകാരമുള്ള 471763 രൂപയിൽ, ലഭ്യമാകാനവശേഷിക്കുന്ന ഫർണ്ണിച്ചറുകളുടെ വിലയായ 251938.73 രൂപയും ചേർത്ത് ആകെ 492022.73 രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. അടുത്ത ഓഡിറ്റിൽ ഇക്കാര്യം പരിശോധിക്കുന്നതും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല എങ്കിൽ ലഭ്യമാക്കാത്ത ഉപകരണങ്ങളുടെ വില നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-41 പി.എച്ച്.സി മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, (എഫ്.എച്ച്.സി) നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം, മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ/ ചെലവ് | ബിൽ നമ്പർ/ തിയ്യതി | പ്രൊഫോമ ഇൻവോയ്സ് നമ്പർ/ തിയ്യതി | ലഭ്യമാക്കിയ മരുന്നിന്റെ വിവരം | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നിന്റെ വിവരം |
|---|---|---|---|---|---|
| 123/25, എഫ്. എച്ച് .സി യിലേക്ക് മരുന്ന് വാങ്ങൽ | 1800000/ 1797491/- (MG(NR)<br>കുറിപ്പ്:327231/- രൂപയുടെ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിയതാണ്. | 1.BRN-241507520 28001082137/ 12.12.24-477249/-<br>2.BRN-241507520 28001082141/ 12.12.24-499998/-<br>3.BRN-241507520 28001082144/ 17.12.24-493013/- | 1.PRF2101/ 19.11.24-477249/- | 1128/1.7.25-68951<br>1038/19.6.25-35683<br>483/15.5.25-149735<br>1888/17.2.24-9520 | 213360 |
| | | | 2.PRF2109/ 20.11.24-499998/- | 146/19.4.25-7952<br>1876/14.2.25-30000 | 462046 |
| | | | 3.PRF2104/ 19.11.24-493013/- | 1154/2.7.25-103967<br>1039/19.6.25-17875<br>1874/14.2.25-7114<br>1731/4.2.25-42131 | 321926 |
| 239/25, അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ | 150000/ 149462/- (വി.ഫണ്ട് ജനറൽ)<br>കുറിപ്പ്:37462/- രൂപയുടെ മരുന്ന് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും നേരിട്ട് വാങ്ങിയതാണ്. | BRN-241507520 28001458046/ 07.03.25-112000/- | PRF2892/ 10.01.25-112000/- | മരുന്നുകളൊന്നും ലഭ്യമായിട്ടില്ല | 112000 |
| 135/25 പരിരക്ഷ പദ്ധതി | 1728223/1556897 (വി.ഫണ്ട് ജനറൽ) | 1.BRN-241507520 28001457989/ 07.03.2025-149985/-<br>2.BRN-241507520 28001458004/ 07.03.2025-324534/- | 1.PRF 1817/ 01.11.24-149985 | 13/5.4.25-22659<br>399/8.5.25-30569 | 96757 |
| | | | 2.PRF 3501/ 05.02.25-324534/- | 7/4.4.25-4471<br>350/5.5.25-88138<br>1144/2.7.25-26354 | 205571 |
| ആകെ | | | | | 1411660/- |

മരുന്നുകൾ ലഭ്യമാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ- 25/24-25/19.07.2025

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം - 30000 രൂപ അനർഹമായി അനുവദിച്ചു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പട്ടികയിൽ ചേർത്ത പദ്ധതി പ്രകാരം SC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| പദ്ധതി, അടങ്കൽ | ബിൽ നം, ഫണ്ട് | വിതരണം ചെയ്ത വിവരം |
|---|---|---|
| 247/24-25 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. 605000/- | (1) 241507520292O1225575/25.01.2025 Rs. 405000/- വികസന ഫണ്ട് SCP. (2) 24150752029201582662/18.03.2025 Rs. 200000/- ജില്ലാ പഞ്ചായത്ത് വിഹിതം. | ആകെ 27 പേർക്ക് നൽകി |

ഇത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(A) അനർഹമായി സ്കോളർഷിപ്പ് തുക അനുവദിച്ചു

സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തിയതി. 28.05.2022 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ, സർക്കാറുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന കോഴ്സുകളിലേക്ക് പ്രവേശനം ലഭിച്ച് പഠനം നടത്തി വരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള അക്കാദമിക് വർഷങ്ങളിൽ ഓരോ കോഴ്സിനും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

(1) മാർഗ്ഗ രേഖ പ്രകാരം, ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം, മെഡിക്കൽ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കാണ് 30000/- രൂപ സ്കോളർഷിപ്പിന് അർഹതയുള്ളത്. എന്നാൽ, വീക്ഷ എഡ്യുക്കേഷൻ കൊച്ചി എന്ന സ്വകാര്യ സ്ഥാപനത്തിന്റെ PG Logistics എന്ന ലോഗിസ്റ്റിക് മാനേജ്മെന്റ് കോഴ്സിന് പഠിക്കുന്ന, പ്രണവ് പി, S/O ബാലൻ എന്ന വിദ്യാർത്ഥിക്ക് പട്ടികയിലെ ക്രമനം. 1 ബിൽ പ്രകാരമുള്ള തുകയിൽ നിന്നും, ബിരുദാനന്തര ബിരുദം, ബിരുദാനന്തര ബിരുദത്തിന് ശേഷമുള്ള ഗവേഷണം, മെഡിക്കൽ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് അനുവദിക്കാവുന്ന 30000/- രൂപ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി 30000 രൂപ അനുവദിച്ചത് ക്രമപ്രകാരമല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(2) എം.ഇ.എസ് മമ്പാട് കോളേജിൽ നിന്നും അനുവദിച്ച, MES/MC/Cert/2023 തിയതി. 12.09.2023 നമ്പർ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം, വന്ദന സി, D/O ബാലകൃഷ്ണൻ എന്ന വിദ്യാർത്ഥിനി 2023-24 അക്കാദമിക് വർഷത്തിൽ BCA ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയാണ്. മേൽ സർട്ടിഫിക്കറ്റിൽ 2023-24 എന്നത് 2024-25 എന്നാക്കി തിരുത്തിയിട്ടുണ്ട് (സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ ഉള്ളതിനാൽ സർട്ടിഫിക്കറ്റിന്റെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല). 12.09.2023ലെ സർട്ടിഫിക്കറ്റ് ആയതിനാൽ ആയത് 2023-24 അക്കാദമിക് വർഷത്തിൽ അനുവദിച്ചതായിരുന്നു എന്നത് വ്യക്തമാണ്. 2023-24ൽ ആറാം സെമസ്റ്റർ വിദ്യാർത്ഥിനി ആയിരുന്നെങ്കിൽ ആ അക്കാദമിക് വർഷത്തിൽ തന്നെ ടിയാൾ കോഴ്സ് കഴിഞ്ഞിട്ടുണ്ടാവുന്നതാണ്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/21.07.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ A (2) ൽ പരാമർശിച്ച ശ്രീമതി വന്ദനയുടെ യഥാർത്ഥ കോഴ്സ് സാക്ഷ്യപത്രം ഹാജരാക്കുകയും ക്രമ നമ്പർ (B) അപാകത പേരിലെ സാമ്യം കാരണം സംഭവിച്ച പിഴവ് ആണെന്നും മനഃപൂർവ്വം ചെയ്തതല്ലെന്നും വ്യക്തമാകും. ക്രമ നമ്പർ A (1) ൽ പരാമർശിച്ച വീക്ഷ എന്ന സ്ഥാപനം STED Council അംഗീകാരമുള്ളതാണെന്നും വ്യക്തമാക്കി. ക്രമ നമ്പർ A (2) B അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നമ്പർ A (1) പ്രകാരമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന, വീക്ഷ എഡ്യൂക്കേഷന്റെ കോഴ്സ് സർക്കാർ മാർഗ്ഗ രേഖയിൽ പരാമർശിച്ച തരം ബിരുദാനന്തര ബിരുദമോ ആയതിന് ശേഷമുള്ള ഗവേഷണമോ മെഡിക്കൽ പഠനമോ അല്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അനർഹമായി അനുവദിച്ച 30000 രൂപ തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന

മമ്പാട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം ഒടുക്കുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|
| 19 | 5500 | 87500 | 0 | 2024 മെയ്,ജൂൺ മാസങ്ങളിലെ പ്രീമിയത്തോടൊപ്പം 500 രൂപ വീതം കുടിശ്ശിക ഈടാക്കിയിട്ടുണ്ട്.ജീവനക്കാരന്റെ അപേക്ഷ പ്രകാരം പിന്നീട് കുടിശ്ശിക ഈടാക്കിയിട്ടില്ല. |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം* | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക് |
|---|---|---|---|---|---|
| 1 | 13.05.2024 | 5500 | 5500 | 0 | - |

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)
ഇല്ല.

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 2024-25 ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 900000 | ലൈഫ് ഭവന പദ്ധതി എസ്.ടി. 34/25 | 900000 | 0 |
| ജില്ലാ പഞ്ചായത്ത് | 1980000 | ലൈഫ് ഭവന പദ്ധതി – ജനറൽ 310/25 | 1980000 | 0 |
| ജില്ലാ പഞ്ചായത്ത് | 200000 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 247/25 | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 360000 | ലൈഫ് ഭവന പദ്ധതി എസ്.സി. 469/25 | 360000 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് ഭൂമി വാങ്ങൽ.-എസ്.സി 473/25 | 400000 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 240000 | ലൈഫ് ഭവന പദ്ധതി എസ്.ടി. 475/25 | 240000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 800000 | ലൈഫ് ഭവന പദ്ധതി എസ്.സി. 32/25 | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1296000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 13/25 | 1296000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | അതി ദരിദ്രർക്കുള്ള സേവനം. 253/25 | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി. 278/25 | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 280000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം 13/25 | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | 1360000 | ലൈഫ് ഭവന പദ്ധതി ജനറൽ-31/25 | 1360000 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കരടിപ്പാറ കുന്നത്ത്പറമ്പൻ ഭാഗത്തെ ഇലക്ട്രിക് പോസ്റ്റ് മാറ്റിവെയ്ക്കൽ-94/25 | 22401037/ 29.01.25 | 18990 | 18990 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എ.കെ.എം.എ.പി സ്കൂളിന് സമീപത്തെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് (512/25) | 22400834/ 28.11.24 | 29863 | 29863 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കാട്ടുമുണ്ട മാരമംഗലം നഗർ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (560/25) | 22401168/ 27.02.25 | 33243 | 33243 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | താളിപ്പൊയിൽ അങ്കണവാടിക്ക് സമീപം അപകടാവസ്ഥയിലുള്ള ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ (561/25) | 22401144/ 22.02.25 | 43720 | 43720 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വടപുറം വള്ളിക്കെട്ട് റോഡിൽ നിന്നും തമ്പാർ റോഡിലേക്ക് ഇലക്ട്രിക് ലൈൻ വലിക്കൽ (562/25) | 22401143/ 22.02.25 | 34973 | 34973 | പൂർത്തീകരിച്ചു | 0 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഹാപ്പിനെസ്സ് പാർക്കിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ (635/25) | 22401376/ 29.03.25 | 39986 | 39986 | പൂർത്തീകരിച്ചു | 0 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-6 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് മിഷൻ ഭവന പദ്ധതി | – | 45919030 | 92819033 | 9716507 | | 129021556 |

## 4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം |
|---|---|---|---|---|
| 2022-23 | 3-1 | 80265 | ലമ്യ.ടി,അസിസ്റ്റന്റ് എഞ്ചിനീയർ | 1240701703/23.08.2024 |
| AG AR-2018-19-2022-23 | | 120000 | സെക്രട്ടറി,എം.ഇ.എസ് മമ്പാട് കോളേജ് | 1240701885/07.09.2024 |

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പു 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12/ 3(2) | 2014-15 അധ്യായം – 4 | മണൽ വാരൽ അവലോകനം. | |
| 2014-15/3(1) | 2015-16 | വെള്ളക്കരം അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15/2(1) | 2016-17 | ------------- | |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.Cell/SCD1/12 26.9.14 | K.K.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143716864 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 138910499 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,92,023 |

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ. | സർചാർജ് ചെയ്യാവുന്നവ. | |
| 3-1 | - | 30000 | ശ്രീ.സുനിൽ ബാബു.ജി , അസി. സെക്രട്ടറി |
| | ആകെ | 30000 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 8,00,000 | ശ്രീ. ജ്യോതിഷ് ആർ, സെക്രട്ടറി |
| 1-35 | 5,00,000 | ശ്രീ. ജ്യോതിഷ് ആർ, സെക്രട്ടറി |
| 1-40 | 4,92,023 | ശ്രീ. സുനിൽ ബാബു ജി, അസി. സെക്രട്ടറി |
| ആകെ | 17,92,023 | |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

### (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

### (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുനിൽ ബാബു ജി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, മമ്പാട് ഗ്രാമപഞ്ചായത്ത് | ഓലിക്കപ്പാറ ഹൗസ്,എരഞ്ഞിമങ്ങാട്, പി.ഒ,മലപ്പുറം ,679329 PH.9605036655 E.Mail-Babugk@Gmail.Com |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 2004-05 | കെ.എസ്.എ.എം.പി.എം10/2509/2023(6)/15.03.2024 | 1 |
| 2 | 2008-09 | കെ.എസ്.എ.എം.പി.എം.10/2509/2023(1)/15.03.2024 | 2 |
| 3 | 2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.10/2509/2023(11)/20.03.2024 | 5 |
| 4 | 2011-12 | കെ.എസ്.എ.എം.പി.എം.10/2509/2023(10)/18.03.2024 | 2 |
| 6 | 2014-15 | കെ.എസ്.എ.എം.പി.എം.10/2509/2023(4)/15.03.2024 | 8 |
| 7 | 2015-16 | കെ.എസ്.എ.എം.പി.എം.10/2509/2023(12)തി.20.03.2024 | 2 |
| 8 | 2016-17 | കെ.എസ്.എ.എം.പി.എം.10/2509/2023(3)തി.16.03.24 | 11 |
| 9 | 2017-18 | കെ.എസ്.എ.എം.പി.എം.10/2237/2022(2)തി.21.11.22 | 6 |
| 10 | 2018-19 | കെ.എസ്.എ.എം.പി.എം.10/2237/2022(3)തി.15.11.22 | 6 |
| 11 | 2019-20 | കെ.എസ്.എ.എം.പി.എം.10/2509/2023(8) തി.15.03.2024 | 8 |
| 12 | 2020-21 | കെ.എസ്.എ.എം.പി.എം.10/2509/2023(6) തി.16.03.2024 | 5 |
| 13 | 2021-22 | കെ.എസ്.എ.എം.പി.എം.6/418/23(2)തി.15.06.23 | 15 |
| 14 | 2022-23 | കെ.എസ്.എ.എം.പി.എം.10/2032/2023 തീ. 04.03.24 | 20 |
| 15 | 2023-24 | കെ.എസ്.എ.എം.പി.എം.10/1889/24 തി.29.03.25 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 10-06-2025 and submitted on 13-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Mampad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mampad Grama Panchayat as on 31-03-2025

**Date: 15/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Mampad Grama Panchayat for the Year 2024-2025.

### 1.Major Observations

Nil

### 2.Other Observations

1.The Asset Register has not been upto dated
2.The following mandatory financial statements prescribed in accounting rules are not submitted for audit.
.Ratios
.Notes on accounts
.Comparative amounts
3.Worksheet for the calculation of depreciation for fixed assets was not produced for auditing.
4.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5.Discrepancies in carrying forward the closing balance in the current year trial balance to balance sheet closing balance in excess of income over expenditure
6.Certain figures in the annual financial statement are not recorded in whole numbers in accordance with accounting rules.
7.Property Tax Revenue has been booked under Liability head.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്